Resolutions.

1. Official interference in the General Elections.

Mr. E. Ikkanda Warriar:—"*This Council recommends to the Government to appoint a committee consisting of five Hon'ble Non-official Members of this Council to inquire into the question of the wide-spread complaints against the conduct of the Government officials in the last General Election to the Legislative Council*".

Sir, I move this resolution with a heavy heart. I know the responsibility cast upon me for the various statements that I may have to make in moving this resolution. But, Sir, a sense of duty impels me not to shirk the work that I am expected to do.

Sir, this is the fourth election we had ever since the inauguration of this Legislative Council. We had 3 elections before; and I can speak with personal knowledge that in none of those elections except in very very few stray cases of some subordinate officers taking some slight part here and there, there has been any active interference or participation in the elections by the Government servants. But in the last election which we had—I very much regret to say— there was not only an active interference by the subordinates but active participation and connivance of some of the Heads of Departments in this State in the matter of election. The rumour has it that some of them had even formed themselves into a party and the man in the street was characterising them as belonging to that party—an unnamed party, a sort of invisible party. They did not want to say the names. But everybody in the State knew that there was some party, though not visible to the naked eye—a party that was really functioning and that had its existence and that controlled and took active part in the recent elections.

Sir, it may be asked that the election is over and that the participation by Government servants added glory only to those who won the election, because in spite of them some of us were able to get ourselves elected into the Council and why rub these old swords. I very well appreciate the argument and I thought over it over and over again and it was after weighing the pros and cons of that question that I finally made up my mind to move this question in this Council; because the most salutary principle that the Government is expected to follow and that they were following was that they should not interfere with or participate in elections. The results that may follow on account of their interference are too well-known and I do not think that I should expatiate upon them. But unfortunately that principle, that salutary principle, was more

LIBRARY ARCHIVES Kerala Legislative Assembly

honoured in its breach than in its observance in the last election. What shall we the people do under such circumstances? I know that there have been cases of direct representation of this interference to persons in authority and power by the various candidates but they were not heeded to. I have seen reports of the exploits of these officers in papers. I am sure all of them were ignored by the Government. Constitutionally, Sir, we have no other form, except the Legislative Council, through which we can come and ventilate our grievances. Sir, you asked us during the discussion on some other subjects in this Council that especially in matters concerning the personal actions of the officers concerned just to go to you and represent those grievances to you. I have very little faith in that and I, for my part, do not wish to encourage that principle, because when we are able to go to persons in authority and speak to them we are unchecked by any other force and we may say anything to those persons concerned. But when persons who are expected to be responsible come before an august body like this and make statements before you, I am sure you will attach to it more value than you would have attached to a mere statement by us to you personally. I am sure we will also be more careful in making such statements, because we know that the moment it gets out of our lips it becomes public property and liable to be criticised and that feeling itself will be a check upon us when we make such statements and that is why I say that I find this is the only form that is left to us now to ventilate this grievance. I may, at the outset, say—I know also perfectly well—what is going to become of this resolution. We may or we may not be able to carry it in this Council. Even if carried in this Council, it is very doubtful whether the Government will give effect to it and even if the Government will give effect to it and appoint a committee and ask them to function, I have my own apprehensions whether the people will come forward boldly and give evidence because the persons against whom the allegations are made are still in power and with all the power behind them, they will be able to thwart the free flow of public opinion in this matter. But I am not discouraged by that. I am only actuated by the motive of truth and I will stand by it whatever be the result which may ultimately come.

Sir, in this connection, I am advised by my Hon'ble friends to confine my speech in such a way as not to offend any personalities here. I shall try my best not to touch any personalities. I may assure them that it is not because I am not able to cite concrete cases of interference and participation by these officers that I propose to desist myself from doing it, but because out of a feeling that after all my object is only the prevention of the recurrence of such an incident in future elections and not to punish the

LIBRARY ARCHIVES Kerala Legislative Assembly

officers who have mis-behaved in this matter. I do not think that there is anybody in this House to whom I should say that the Government officers were taking part in the last elections. Every Hon'ble Member knows it, every Hon'ble Member has heard of it. I am sure many of them have actually seen it and would be in a position to speak even in a court of law, that is, they will be in a position to conform to the strict rules enjoined upon us by the Evidence Act The Heads of Departments were asking the leading men in each locality to help this man or that man. They were suggesting to the doubtful persons as to who the best candidate was. They were promising appointments to persons who have children educated and unemployed in their homes. When persons go for licenses, they were given a sufficient hint as to how the wind blows, at least as to how they should behave in future elections. During inspection of important offices—I mean inspection of factories and other places—the subordinate officers particularly were trying their best, influencing persons to cast their votes in a particular way. The schoolmasters also with a large army of students behind them could very easily exert their influence over the parents who happen to be voters. In short, these are some of the ways in which the Government machinery worked and they did, in a sort of organised manner, interfere in all possible ways.

There are only two remedies that I can think of for this state of affairs. One is an enquiry by the Government into this matter—personally it may be any sort of enquiry. I have suggested a committee of 5 persons from the non-official members. There is an amendment tabled to make it 5 members of which the Chairman shall be a retired Judge of the Chief Court and 4 non-official members who are returned to this Council uncontested. I do not mind the personnel of the committee. I have no objection even if it is a Government committee. I may even go further and reduce my request to this modest attempt. It may be a confidential enquiry conducted by the Diwan. I can even be satisfied with that. And I am prepared to adduce evidence before the Diwan. I do not want any public exhibition of this feeling that existed before. I do not want, for my part, to continue this state of affairs any further. I am personally satisfied if the Diwan himself undertakes to conduct a personal enquiry into this matter. If the Diwan can rise to that occasion, I am personally satisfied; because my object is to see that this sort of affairs do not affect the next elections. This election is already over.

The 2nd remedy is the education of the electorate. Of course, I have real faith in the electorate and the voters have indicated in an over-whelming degree their sense of duty in this matter; and

LIBRARY ARCHIVES Kerala Legislative Assembly

if there is anything lacking in that, of course, we will see that we educate them in the proper lines and we shall do our best in that direction.

Sir, I can only say that the people of the State cannot be cowed down by the show and demonstration of these small officers. No doubt, we are by nature and tradition peaceful and law-abiding. But we are becoming conscious of our rights and powers. The despicable performances of some of these officers are getting on our nerves. May I hope that the Government will realise the gravity of the situation, that they will rise equal to the occasion and mercilessly remove all kinds of this parasitic growth.

With these few words, I commend this resolution for the acceptance of the House.

മിസ്റ്റർ ആർ. വിശ്വനാഥൻ ചെട്ടിയാർ:—സർ, ഈ റസല്യൂഷനെ പറ്റി രണ്ടു വാക്കേ എനിക്കു പറയുവാനുള്ളൂ. ഈ കഴിഞ്ഞ ഇടവം അഞ്ചാം തീയതി എന്റെ കാൺസ്റ്റിറ്റ്യുവെൻസിയിൽപെട്ട അയിലൂർ എന്ന സ്ഥലത്തു് കാലത്തു് സുമാർ 8—9 മണി സമയത്തു് ഞാൻ പോയിരുന്നു. അപ്പോൾ അവിടെ ഒരാൾ ചെണ്ടകൊട്ടി നടക്കുന്നതു കണ്ടു് എന്താണു ചെണ്ടകൊട്ടിനടക്കുന്ന കാരണം എന്നു ചോദിച്ചു. ആ കാൺസ്റ്റിറ്റ്യുവെൻസിയിൽതന്നെ ഇലക്ഷനു നില്ക്കുന്ന രാമയ്യരുടെപക്ഷത്തിൽ നിന്നും അയിലൂരിലെ പാവപ്പെട്ട പുലയർക്കും B. A. ക്കാരായ ചില മാസ്റ്റർമാരുംകൂടി ഫ്രാഞ്ച് കുപ്പാ വാങ്ങി ആക്ഷംകൊടുക്കാതെ അവർതന്നെ പങ്കിട്ടു കുടിത്തതിനുവേണ്ടിയാണു കൊട്ടി അറിയിക്കുന്നതു് എന്നു എന്നോടുപറഞ്ഞു. അതുകേട്ടു് ഉടനെതന്നെ ഞാൻ തഹശീൽദാരോടു വിവരം പറഞ്ഞു. അതിനു് എന്തെങ്കിലും തെളിവുണ്ടോ എന്നു് അദ്ദേഹം ചോദിച്ചപ്പോൾ കൊട്ടിയറിയിച്ചതിലധികം ഇനി എന്താണു തെളിവു വേണ്ടതെന്നു മറുപടി പറഞ്ഞു. ഇതിനു ദൃഷ്ടാന്തമായി കയറാടി മലയടിവാരത്തു നിന്നു് എനിക്കു വോട്ടുചെയ്യുവാൻവേണ്ടി ഒരു വയസ്സായ പുലയൻ വന്നപ്പോൾ നികുതി കൊടുക്കുന്നവനല്ലെന്നു പറഞ്ഞു് പുലയൻ വോട്ടുചെയ്യുവാൻ സമ്മതിച്ചില്ല. ആ ആൾ പരമാർത്ഥത്തിൽ 200 ഉറുപ്പികയിലധികം നികുതി കൊടുക്കുന്നവനാണു്. എന്റെ ഏജന്റു് ആ വിവരം പോളിങ്ങു് ആഫീസരോടു ചെന്നുപറഞ്ഞു. സുമാർ 9 മണി സമയത്തു്, അപ്പോൾതന്നെ വോട്ടരെ അടുത്തുനിന്നുമിയും കൊണ്ടു പുലയരെ വിളിച്ചു, ഇയ്യാൾ നികുതി കൊടുക്കുന്നുണ്ടോ, വോട്ടിനധികാരമുള്ളവനോ എന്നു ചോദിച്ചതിനു് അച്ഛന്റെ പേരും മറ്റും ശരിയല്ലെന്നും, വേലേ വാങ്ങാൻ പറഞ്ഞതിനാൽ രണ്ടു മണിക്കു തീർച്ചയാക്കാം, രണ്ടു മണിക്കു വരട്ടെ എന്നു പോളിങ്ങു് ആഫീസർ പറഞ്ഞതുകേ

LIBRARY ARCHIVES Kerala Legislative Assembly

ട്ട് അയാളെ അതുവരെ അവിടെ നിറുത്തി. ഒടുവിൽ രണ്ടുമണിക്കുശേഷം അയാളെ പോളിങ്ങ് ഓഫീസർ വിളിച്ചു തെളിവെടുത്തതിൽ വോട്ടർ ആണെന്നു തീച്ചപ്പെടുത്തി വോട്ടെടുക്കുകയും ചെയ്തു. ഈ മാതിരി അനീതികൾ മേലാൽ നടക്കാതിരിക്കാൻ വേണ്ട നടപടികൾ ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ സഭാധ്യക്ഷനെ പിൻതാങ്ങുന്നു.

Mr. A. V. Moothedan:—The amendment as given in the Agenda paper I do not want to move. After careful consideration I thought that the resolution should be amended slightly. I was not able to give two days' notice under the Standing Orders. I want to enquire whether the President will be pleased to suspend that rule?

Mr. President:—Yes.

Mr. A. V. Moothedan:—Sir, the amendment which I wish to move presently is this:

"Five Hon'ble non-official members of this Council" may be deleted and "five members of which the Chairman shall be a Retired Judge of the Chief Court, two non-official members and two official members" may be inserted.

So the whole resolution will read like this:

"This Council recommends to the Government to appoint a Committee consisting of five members of which the Chairman shall be a Retired Judge of the Chief Court, two non-official members and two official members to inquire into the question of the wide-spread complaints against the conduct of the Government officials in the last General Election to the Legislative Council."

Ever since the election preparations began there had been a Democles' sword hanging on the heads of certain Government Officers. That Democles' sword is this: "You have interfered in certain elections, you have interfered in certain elections, you have interfered in certain elections". The object of this resolution is to remove that Democles' sword hanging on the heads of certain officers and to clarify the situation. As the Hon'ble Member for Oorakam said, there is no vindictive spirit in bringing this resolution. It is only the noble desire to improve matters in the future. Therefore at least to create some impression in the minds of the public something should be done. "Keralan" and "Gomathi" were vying with each other in publishing stories of officers interfering at the elections. These stories must have created some impressions in the mind of the public. At least to reverse

LIBRARY ARCHIVES Kerala Legislative Assembly

these, an impartial inquiry should be conducted. Further the object of my amendment is to safeguard the position of Government officials as much as possible. By appointing a retired Judge of the Chief Court we shall be sure that the enquiry will be conducted quite impartially and in a manner above suspicion and by appointing two official members the position of the officials will be safeguarded and by the appointment of two non-official members our position also will be safeguarded. Therefore, I would strongly recommend to the House to accept this amendment.

Mr. President:—The discussion will be both on the original resolution and the amendment as it is proposed now. At the end of the discussion the amendment will first be put to vote.

Mr. E. Ikkanda Warriar:—I shall accept the amendment. I think if the Mover accepts the amendment there is no necessity to put it to vote.

Mr. President:—It is for the House to accept the amendment.

Mr. T. S. Balarama Ayyar:—Sir, I second the amendment moved by the Hon'ble Member for Chalakudy; and in doing so I have to state that I have not got any personal experience of any Government servant having interfered during the last election. But I do know that a large section of the public, rightly or wrongly, are under the impression that some Government servants have taken active part in the elections. 'Ceaser's wife must be above suspicion'. The principal officers of our benign Government should be above suspicion. In their interests, I would request the Government to give them an opportunity to clear their conduct. With that view I would request that the Resolution as amended be carried by this House.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ:—സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥന്മാർ പങ്കെടുത്തു എന്നുള്ള പരാതി നാട്ടിലെങ്ങും ഉണ്ടായിട്ടുണ്ട്. നിയമം പാലിക്കുവാനും നിയമത്തിന്റെ പരിപാലനത്തെ എപ്പോഴും നിയന്ത്രിച്ചുകൊണ്ടിരിക്കുവാനും കടപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ പരസ്യമായി നിയമം ലംഘിച്ചുവെന്നുള്ള പരാതിയെക്കുറിച്ചു് ഒരു അന്വേഷണം നടത്തുവാനാണ് ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു്. നിയമസഭാതിരഞ്ഞെടുപ്പു് ഏറ്റവും സ്വാതന്ത്ര്യവും നിഷ്പക്ഷവും ന്യായവുമായി നടത്തുവാനുള്ള സൌകര്യങ്ങളും അന്തരീക്ഷവും ഉണ്ടാക്കേണ്ടതു് ഗവൺമെന്റിന്റെ പ്രാഥമികമായ ഒരു കൃമരേഖയാണ് എന്നാണു ഞാൻ വിശ്വസിക്കുന്നതു്. (ഹിയർ ഹിയർ) പൊതുജനങ്ങളുടെ അവകാശങ്ങളെ സംര

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിക്കുവാനും അവരുടെ സ്വാതന്ത്ര്യത്തെ പരിപാലിക്കുവാനും ഗവർമ്മൻറ് കൗരോദ്യത്തോടുകൂടി നൽകീട്ടുള്ള ഒരു സ്വയംഭരണസ്ഥാപനത്തിലേക്കു പ്രതിനിധികളെ തിരഞ്ഞെടുത്തയക്കുവാനുള്ള ഒരു അവസരത്തെ ഇങ്ങിനെ അലങ്കോലപ്പെടുത്തിയതു് ഒരു വിധത്തിലും ക്ഷന്തവ്യമല്ല. ഗവർമ്മൻറിൻറെ സൽകീർത്തിക്കും, പൊതുജനങ്ങളുടെ സ്വാതന്ത്ര്യത്തിനും, പൊതുജനാവകാശസംരക്ഷണത്തിനുംവേണ്ടി ഗവർമ്മൻറ് ഒരു അന്വേഷണം നടത്തുകയും, മേലിൽ ഇങ്ങിനെയുള്ള കൃത്യവിലോപം ഉദ്യോഗസ്ഥന്മാരിൽനിന്നും വരാതിരിക്കുവാൻ പ്രത്യേകം ഏർപ്പാടു ചെയ്കയും ചെയ്യേണ്ടതാണു്.

ഗവർമ്മെൻറുദ്യോഗസ്ഥന്മാർ രണ്ടു വിധത്തിലാണു് ഈ കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ പങ്കെടുത്തിട്ടുള്ളതു്. സ്ഥാനാർത്ഥികൾക്കു വേണ്ടി ഉൎജ്ജസ്വലമായി പ്രചരണം നടത്തിയെന്നുള്ള സംഗതിക്കുപുറമെ തങ്ങളുടെ കൺമുമ്പിൽവച്ചു ചില സ്ഥാനാർത്ഥികൾ നിയമത്തെ പരസ്യമായി ലംഘിച്ച വോട്ടർമാരെ വശീകരിക്കുവാൻ പണം വിതറീട്ടും 'കണ്ടില്ല, കേട്ടില്ല' എന്ന ഭാവത്തിൽ അവർ അടങ്ങിയിരിക്കുകയാണു ചെയ്തതു്. (ലജ്ജാവഹം) ഇങ്ങിനെ "acts of omission and commission" എന്ന രണ്ടു് അപരാധങ്ങളും ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ചെയ്തിരിക്കുന്നു. കാട്ടുതീയും കൊടുങ്കാറ്റുമുണ്ടായിട്ടുള്ളതുപോലെ നാട്ടുകാൎക്കെന്നപോലെ എനിക്കും അറിയാവുന്നതാണു്. ചില സ്ഥാനാർത്ഥികളുടെ വക്കീൽപോളിങ്ങ് ആഫീസിൽവച്ചതന്നെ പരസ്യമായി ആയിരക്കണക്കിനു രൂപ്പിക വോട്ടന്മാൎക്കു കൊടുത്ത ലജ്ജാവഹമായ സംഗതി എങ്ങിനെ മറക്കുവാനും മായ്ക്കുവാനും സാധിക്കും? ഒരന്വേഷണം നടത്തുന്ന പക്ഷം, പൊതുജനങ്ങളിൽ പലരും ഈ സംഗതി തെളിയിക്കുവാൻ സന്നദ്ധരാണു്. ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ഈ ഏലക്ഷനിൽ ചില സ്ഥാനാർത്ഥികൾക്കുവേണ്ടി പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതു് ഒരു കെട്ടുകഥയല്ല; പച്ചപ്പരമാർത്ഥം മാത്രമാണു്. ഈ ഹൌസിൻറെ അന്തസ്സിനെ അവഗണിച്ചു് ഉത്തരവാദിത്വബോധമില്ലാതെയും, പരസ്യമായും ഗവർമ്മെൻറുദ്യോഗസ്ഥന്മാർ തിരഞ്ഞെടുപ്പു പ്രചരണം നടത്തിയിട്ടുണ്ടെന്നു് ആക്ഷേപമുള്ളതുകൊണ്ടു് ഗവർമ്മെൻറിൻറെ സൽകീർത്തിക്കുവേണ്ടിയും, പൊതുജനങ്ങളുടെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടിയും ഏലക്ഷൻറെ പരിശുദ്ധിക്കുവേണ്ടിയും ഒരന്വേഷണം കഴിയുന്നതും വേഗത്തിൽ നടത്തേണ്ടതാണെന്നു ഗവർമ്മെൻറിനോടപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ—സർ, തിരഞ്ഞെടുപ്പുകാലത്തു് ഗവർമ്മെൻറുദ്യോഗസ്ഥന്മാരുടെ കളിയ്ക്കു് ഏറ്റവരിൽ കട്ടം അപ്രധാനമ

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്ത ഒരാളാണു ഞാൻ. പക്ഷേ ഞാൻ അതത്ര ഗൌനിച്ചിട്ടില്ലെന്നേയുള്ളൂ. "ആടിയകാലും പാടിയനാക്കും നില്ക്കുകയില്ല" എന്നൊരു പഴഞ്ചൊല്ലുണ്ട്. ഈ ഉദ്യോഗസ്ഥന്മാരെല്ലാം ഒരു കാലത്തു് അനുദ്യോഗസ്ഥന്മാരായിരുന്നു. ആ കാലത്തു് തിരഞ്ഞെടുപ്പുകളിലെല്ലാം പങ്കെടുത്തു് അതിൽ വളരെ ഔത്സുക്യത്തോടും വീറോടും വാശിയോടുംകൂടി പ്രവൃത്തിച്ചിരുന്നവരായ ഇവർ ഉദ്യോഗസ്ഥന്മാരായി തീർന്നപ്പോൾ അവർ ആ പഴയ പതിവനുസരിച്ചു പ്രവൃത്തിക്കുന്നു എന്നേയുള്ളൂ. അതു് സ്വാഭാവികവുമാണു്. ഇവിടത്തെ സകല വകുപ്പദ്ധ്യക്ഷന്മാർക്കും ദിവാൻജിക്കുപോലും ഇവരുടെ അനുഭവമുള്ള സംഗതികളാണെന്നു ഞാൻ ധൈര്യമായി പറയാം. അതുകൊണ്ടു് അതിനെപ്പറ്റി വലിയ ഗൌരവമായി ഞാൻ വിചാരിച്ചിട്ടില്ല. പ്രത്യേകിച്ചും അതുകൊണ്ടു് എനിക്കു യാതൊരു ദോഷവും നേരിട്ടിട്ടുമില്ല. നിരായുധനായി മഹാശക്തികളോടു പൊരുതിയ എന്നെ വലിയ ഭൂരിപക്ഷത്തോടുകൂടി പൊതുജനങ്ങൾ തിരിഞ്ഞെടുത്തു് ഇവിടെക്കയച്ചതു് നിസ്വാർത്ഥവും ആത്മാർത്ഥവുമായ എന്റെ സമുദായസേവനത്തിന്റേയും പൊതുസേവനത്തിന്റേയും ഫലമാണെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. എനിക്കു് എതിരായി തിരിഞ്ഞെടുപ്പിൽ പണി എടുത്ത സർക്കാരുദ്യോഗസ്ഥന്മാരുടെ മേൽ ഞാൻ യാതൊരു പരാതിയും കൊടുത്തിട്ടില്ല.

ഗവർമ്മെൻറുദ്യോഗസ്ഥന്മാർ കല്പന നിരസിച്ചു എന്നുള്ളതു് എനിക്കാവട്ടെ നിങ്ങൾക്കാവട്ടെ ഒരു പുതുമയായി തോന്നുന്നില്ല. ഗവർമ്മെൻറുദ്യോഗസ്ഥന്മാരിൽ നിയമം ലംഘിക്കാത്തവരുണ്ടെങ്കിൽ അതിലാണു നാം ആശ്ചര്യപ്പെടേണ്ടതു്. നിയമം ലംഘിക്കുന്നതിൽ ഭയം പൊതുജനങ്ങൾക്കാണു്. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് തുടക്കം വിളയാടിയ നിയമം നമ്മുടെ ആവശ്യത്തിലധികം ഇവിടെ ഉണ്ടു്. ആ നിയമങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാർ ശരിയായും കൃത്യമായും നടത്തുന്നുണ്ടോ എന്നാണു നോക്കേണ്ടതു്. അപ്രാതിനിദ്ധ്യം വഹിക്കുന്ന സമുദായങ്ങൾക്കു് ഉദ്യോഗനിയമനവിഷയത്തിൽ മുൻഗണനകൊടുക്കണമെന്നും, നിയമം ഉല്ലംഘിച്ചിട്ടാണോ അപ്രാതിനിദ്ധ്യസമുദായങ്ങൾക്കു് ഉദ്യോഗം കൊടുക്കാത്ത അമിതപ്രാതിനിദ്ധ്യം വഹിക്കുന്ന സവർണ്ണക്കാർക്കു് ഉദ്യോഗം കൊടുക്കുന്നതു്? എന്നാൽ അതനുസരിക്കുവാനും അനുസരിപ്പിക്കുവാനും ആരാണുള്ളതു്? അതുപോലെ തിരഞ്ഞെടുപ്പു കാര്യത്തിലും നിയമലംഘനം ചെയ്യുവെന്നേ വിചാരിക്കുവാനുള്ളൂ. പിന്നെ തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ ലിസ്റ്റു തയ്യാറാക്കുന്നതിനു് രജിസ്റ്ററിൽ എന്തെല്ലാം കണ്ടോമണ്ടികളാണു് എഴുതി പിടിപ്പിക്കുന്നതു്. ഭൂരിപക്ഷം വോട്ടർമാരേയും വിട്ടുകളയുന്നു. അതെല്ലാം തിരുത്തിക്കൊടുക്കുവാനും കൂടുതൽ വോട്ടർമാരെ ചേർക്കുവാനും സ്ഥാനാർത്ഥികൾക്കു മുഴുവൻ സാധിക്കാതെവരും.

LIBRARY ARCHIVES Kerala Legislative Assembly

അഥവാ തിരുത്തി അയച്ചാലും രണ്ടുനേ വരുമ്പോഠം ഒക്കെ കിഴക്കാൻ തുക്കായിട്ടു മറിഞ്ഞാണ വരുക. പിന്ന തിരുത്തുന്നതിന്നു് സൌകര്യവും കൊടുക്കയില്ല. കിഴക്കാൻതുക്കമായവരെകൊണ്ടു വോട്ടുചെയ്യിക്കയുമില്ല. പിന്നെ ഈഴവരുടെ വോട്ടേഴ്സ്ലിസ്റ്റിൽ എല്ലാജാതിമതസ്ഥരുമുണ്ടു്. മഹമ്മദീയരുണ്ടു്, കൃസ്ത്യാനികളുണ്ടു്, ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, മേയ്സൻ, വേലൻ, പാണൻ തൊട്ടുള്ള പല ജാതിക്കാരുണ്ടു്. സവർണരൊഴിച്ചുള്ള സകല ജാതിക്കാക്കും പ്രവേശനം നൽകി സമത്വത്തോടെ പെരുമാറുന്ന ഒരു പരിഷ്കൃത സമുദായമാണല്ലൊ ഈഴവസമുദായം എന്നോർത്തു ഞാൻ വളരെ സന്തോഷിച്ചിട്ടുണ്ടു്. തിരഞ്ഞെടുപ്പിൽ പങ്കെടുത്ത ഉദ്യോഗസ്ഥന്മാരെപറ്റി അധികം ആക്ഷേപിക്കേണ്ടവൻ ഞാനാണെങ്കിലും ഞാൻ അതിൽനിന്നും വിരമിച്ചതു് മറ്റൊന്നുകൊണ്ടുമല്ല. ഞങ്ങളുടെ മുതൽ ശബളമായി പറ്റി ഉദ്യോഗതിമിരത്താൽ കണ്ണു മഞ്ഞളിച്ചു ദുഷ്പ്രേരിതപം നടിച്ചു് ഞങ്ങളെ കുഴിര കയറുന്ന ആ ഉദ്യോസ്ഥന്മാരുടെമേൽ വല്ല നടപടിയും നടത്തിയാൽ തന്മൂലം അവരുടെ ഉദ്യോഗം പോയാൽ അവർക്കു് അതുപോലെ വലിയ ഉദ്യോഗമുണ്ടാക്കി കൊടുക്കുവാനോ ഡർബാറായി കഴിഞ്ഞുകൂടുന്ന അവരുടെ കുടുംബച്ചിലവു കഴിച്ചുകൂട്ടുവാനോ എനിക്കുകൊണ്ടു സാധിക്കയില്ലല്ലോ എന്നോർത്തിട്ടാണു് ഞാൻ കുറ്റം ചെയ്യാഞ്ഞതു്. (ചിരി) റവന്യൂ ഉദ്യോഗസ്ഥന്മാരിൽ മിക്കപേരും, അധികൃതവകുപ്പദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ആ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാരും മനപ്പൂർവ്വം എന്നെ വളരെ ഉപദ്രവിച്ചിട്ടുണ്ടു്. എനിക്കു ശ്രദ്ധശക്തികുറവായിരുന്നു. പൊതുജനസ്വാതന്ത്ര്യം വേണം എന്നു ബഹുമാന്യരായ കാട്ടൂർ മെമ്പർ പറഞ്ഞു. അതല്ല വ്യക്തിസ്വാതന്ത്ര്യമാണു് ആദ്യമായി വേണ്ടതു് എന്നു പറയുന്നവനാണു ഞാൻ. തിരഞ്ഞെടുപ്പിൽ ഓരോഉദ്യോഗസ്ഥനും കാണിച്ചിട്ടുള്ളതു് അവരുടെ വ്യക്തിസ്വാതന്ത്ര്യമാണു്. പാശ്ചാത്യരാജ്യങ്ങളിൽ വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകുന്നതു് വിപ്ലവംകൊണ്ടാണു്. രക്തച്ചൊരിച്ചിൽകൂടാതെയുള്ള ഇത്തരം വ്യക്തിസ്വാതന്ത്ര്യങ്ങൾ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ നടപ്പിൽ വരുത്തി കാണിക്കുന്നതുമൂലം ഞങ്ങൾക്കും അതു് അനുകരണീയവും സ്വീകാര്യവുമല്ലൊ എന്നോർത്തു ഞാൻ സമാശ്വസിക്കയാണു ചെയ്യുന്നതു്. അതുകൊണ്ടു് ആ വ്യക്തിസ്വാതന്ത്ര്യത്തെ തടയുന്നതു ശരിയല്ല. തിരഞ്ഞെടുപ്പിൽ എനിക്കെതിരായി പോലീസുവകുപ്പുദ്യോഗസ്ഥന്മാരിൽ ചിലരും റവന്യൂവകുപ്പുദ്യോഗസ്ഥന്മാർ മിക്കപേരും ദുർല്ലഭം ചില സ്കൂൾമാസ്റ്റർമാരും അധികൃത വകുപ്പു മുഴുവനും വിശിഷ്യാ അതിന്റെ അദ്ധ്യക്ഷനും വലിയ ബുദ്ധിമുട്ടി എന്നു പറഞ്ഞാൽ പോരാ; അധികൃതസംരക്ഷകന്റെ കയ്യിൽനിന്നു് അനവധിപണവും, സ്വന്തം കാവും, പെടോളും ചിലവുചെയ്തു രാത്രി ഉറക്കംപോലുമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണികിടന്നുംകൂടി വളരെ കഷ്ടപ്പെടുന്നതുകണ്ട് എനിയ്ക്ക് സങ്കടം തോന്നി. ഇവരുടെ ബുദ്ധിമുട്ടുകൾ കണ്ടിട്ട് ഇനിയെങ്കിലും ആ പാവപ്പോവനെ ബുദ്ധിമുട്ടിക്കാതിരിപ്പാൻ ഞാൻ പിൻവലിച്ചാലോ എന്നുകൂടി എനിയ്ക്ക് തോന്നിപ്പോയി.

വില്ലേജുദ്യോഗസ്ഥന്മാർ ചുരുങ്ങിയ ശമ്പളക്കാരാണ്. എങ്കിലും അവർ വില്ലേജുകളിലെ ചക്രവർത്തിമാരാണ്. ഇവരൊക്കെ സർവ്വേ പാസായതു യഥാർത്ഥത്തിൽ സർവ്വേ പാസായതല്ല. സർവ്വേയും പാസായവരാണിവർ. എന്തെല്ലാംവിധത്തിൽ തുരങ്കം വയ്ക്കാമോ അവിടെയൊക്കെ തുരങ്കംവയ്ക്കുന്നവരാണ് ഈ വില്ലേജുദ്യോഗസ്ഥന്മാർ. വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലും പരിശോധനാധികാരികളുടെ പരിശോധനവേളകളിലും പോളിംഗ് ആഫീസുകളിൽ ഐഡന്റിഫൈ ചെയ്യാൻ നില്ക്കുമ്പോഴും പല കുസൃതികളും ഇവർ എന്റെ തിരഞ്ഞെടുപ്പിൽ ചെയ്തിട്ടുണ്ട്. റവന്യൂഡിപ്പാർട്ടുമെണ്ടിലേയും അധികൃതവകുപ്പിലേയും പോളിംഗ് ആഫീസർമാരും ചില കുസൃതികൾ ചെയ്യുന്നതും പിന്നീട് എനിക്കു മനസ്സിലാക്കാൻ സാധിച്ചു. ആടിയ കാലും പാടിയ നാക്കും നില്ക്കുകയില്ലെന്നു പറഞ്ഞതിനും ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ഞാൻ മദിരാശിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്തു് അബ്രാഹ്മണസംഘസ്ഥാപകനായ Dr. T. M. Nair രുടെ കോർപ്പറേഷൻതിരഞ്ഞെടുപ്പിൽ ഞാൻ പല പ്രാവശ്യവും പങ്കെടുത്തിട്ടുണ്ട്. അതിനുശേഷം ബ്രിട്ടീഷിലെ താല്ക്കാലിക്കോഡിലേയ്ക്കുവേണ്ടിയുള്ള മൂന്നുനാലു തിരഞ്ഞെടുപ്പുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. അന്നുമുതൽ എന്റെ ആടിയകാലും പാടിയ നാക്കും ഇവിടത്തെ പഞ്ചായത്തു തിരഞ്ഞെടുപ്പ്, നിയമസഭാ തിരഞ്ഞെടുപ്പ് മുതലായവകളിലും മുൻകാലങ്ങളിൽ ഞാൻ അനുവർത്തിച്ച നയംതന്നെ എടുക്കേണ്ടിവന്നിട്ടുണ്ട്. മദ്യപാനാസക്തന്മാർക്കു മദ്യംകഴിക്കേണ്ട സമയംവരുമ്പോൾ ഉണ്ടാകാവുള്ള ഭ്രമതപോലെയാണ് തിരഞ്ഞെടുപ്പാസക്തന്മാർക്ക് തിരഞ്ഞെടുപ്പു കാലങ്ങളിൽ ഭ്രമതയുണ്ടാകുന്നതു്. തിരഞ്ഞെടുപ്പുഭ്രമത എന്നാണ് അതിനെ പറയുന്നതു്. അതു് എനിക്കുണ്ടാകാറുണ്ട്. അതുപോലെതന്നെ തിരഞ്ഞെടുപ്പിൽ നിന്നിട്ടുള്ളവരും തിരഞ്ഞെടുപ്പിൽ പങ്കെടുത്തിട്ടുള്ളവരുമായ ഉദ്യോഗസ്ഥന്മാർക്ക് തിരഞ്ഞെടുപ്പു വന്നപ്പോൾ ഒരു ഭ്രമതയുണ്ടായതാണെന്നു മാത്രം വിചാരിച്ചാൽമതി. ഇതിനുംപുറമെ സേവനക്കുഴപ്പം മാത്രമായി തിരഞ്ഞെടുപ്പിൽ ഓരോ സ്ഥാനാർത്ഥിയെ സഹായിച്ചവരും ദ്രോഹിച്ചവരും ഉണ്ടായിരിക്കാം. എങ്കിലും അതിനുവേണ്ടി അന്വേഷണം നടത്തുവാൻ പ്രത്യേകം ഒരു കമ്മിറ്റി വേണമെന്നു് എനിക്കു് പൂർണ്ണമായ അഭിപ്രായമില്ലെങ്കിലും ഇതെല്ലാം ഗവർമ്മെൻറിനു നല്ലവണ്ണം മനസ്സിലാക്കി ഇതിലെന്നല്ലമാറു പല സംഗതികളിലും ഗവർമ്മെൻറുകല്പനയെ നിരസിച്ചു് ഗവർമ്മെൻറുദ്യോഗസ്ഥന്മാർ പ്രവൃത്തിക്കുന്നുവെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ദിവാൻപ്രസിഡൻറവർകൾ മനസ്സിലാക്കി മേലാൽ അനഭിലഷണീയവും വ്യക്തി വിദ്വേഷപരവും സ്വാർത്ഥപരവും ആയ അവരുടെ നടപടികളിൽ പ്രത്യേകം ശ്രദ്ധവച്ചുകൊണ്ടിരുക്കുണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

Mr. George Parakkal:—Sir, I beg to support the motion. But in supporting this motion I must say that I am not very much conversant with what has taken place in the north. But in the south I can say that much interference by the Government officials was not felt. There was another aspect in the conduct of the elections, which ought to engage the attention of the Government and that is the conduct of the polling officers and the Presiding officers. It will not be too much to say that they have conducted the election in the most wanton way. None of them have cared to study the rules so much so very many draw-backs have crept into the voting booths in the South. In one place a polling officer took the thumb impression of a voter in the place where he ought to make a cross. Then in another case when a voter told that he is unable to read and write the polling officer asked what his name was and on the back of the voting paper he wrote his name and polled it without marking anywhere. Such instances were very frequent in this year's election. The category of officers from which the polling officers was selected was not of a very superior order. One officer, it seems, left the polling station at 5 o'clock when the polling was to close at 6 o'clock. They have not been properly instructed in which way the election ought to be conducted and as such in one polling office ten votes are missing and hence was the subject matter of an election petition. So in future Government must give serious instructions to the polling officers to study the rules first and then go to the polling booths. With these words I support the motion,

മിസ്റ്റർ ടി. കെ. നായർ.—സർ അടുത്തുകഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഗവൺമെൻറുദ്യോഗസ്ഥന്മാരുടേയോ എതെങ്കിലും ഗവൺമെൻറ ശക്തികളുടേയോ മുഷ്ക്കു് അധികം അനുഭവിച്ചതു് ഞാനാണെന്നാണു് എൻറ അഭിപ്രായം.

മിസ്റ്റർ ടി. എ. രാമലിംഗയ്യർ:—അനുഭവിച്ചവരുടെകൂട്ടത്തിലാരാൊം.

മിസ്റ്റർ ടി. കെ. നായർ:—ഉണ്ടിൽ അധികമെന്നാണു പറഞ്ഞതു്. ഇതുപോലെ എല്ലാവരും അനുഭവിച്ചിട്ടുണ്ടാകും. ഈവക ശക്തികളെ സംബന്ധിച്ചോ ഗവൺമെൻറുദ്യോഗസ്ഥന്മാരെ സംബന്ധിച്ചോ യാതൊന്നും എനിക്കു പറയുവാനില്ല. ഗവൺമെൻറുദ്യോഗസ്ഥന്മാരും മനുഷ്യരായതുകൊണ്ടു് അവരും ഈ ഇലക്ഷനിൽ പങ്കു കൊള്ളുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

ചില ന്യായങ്ങളുള്ളതുമുണ്ട്. പക്ഷേ ആ സന്ദർഭത്തിൽ അവരുടെ ഉദ്യോഗം രാജിവെച്ച് ഇലക്ഷനുവേണ്ടി ശ്രമിക്കുകയായിരുന്നു കുറച്ചധികം നന്നായിരിക്കുക എന്നാണ് എന്റെ അഭിപ്രായം. എന്റെ സ്വന്തം നിലക്ക് എനിക്കു ഗവൺമെൻറിനോട് യാതൊരപേക്ഷയുമില്ല. എന്റെ സ്വന്തം അഭിപ്രായം പറയുകയാണെങ്കിൽ ദിവാൻജി അവർകൾ അന്നു കുന്തുരല്ലാതെ കൊച്ചിരാജ്യത്തു തന്നെയിരുന്ന് ഉദ്യോഗസ്ഥന്മാരോട് വേണ്ടുവിധം ഇലക്ഷൻ നടത്തുവാനുള്ള ആൾർ പാസാക്കി അയച്ചിരുന്നാലും എനിക്കു വിരോധമില്ല. എന്നാലുംകൂടി ജയിച്ചുവരുന്നവരാണല്ലോ ദിവാൻജി. എന്റെ നാട്ടുകാർക്ക്, എന്നെ എപ്പോൾ തിരഞ്ഞെടുത്തയച്ചുവോ അപ്പോൾ മുതൽ ഈ മുഷ്ക്കിനെ സംബന്ധിച്ചുള്ള സ്വപ്നം വൈരാഗ്യങ്ങളും മാറിപ്പോയി. ഞാൻ ഇന്നിവിടെ സംസാരിക്കുന്നതു് ഒരു വ്യക്തിയോടുള്ള മാത്സര്യം കൊണ്ടല്ല. പൊതുഭണ്ഡാരത്തിലെ പണം പൊതുജനസേവ എത്രത്തോളം ശരിയായിചെയ്യുന്നുവെന്നുള്ള തത്വത്തെ ഗവൺമെൻറിനെ ധരിപ്പിക്കുവാനാണ് ഞാൻ ഇതിനെ പിൻതാങ്ങുന്നതു്. ഏതൊരു വ്യക്തിക്കും അവനവന്റെ മനസ്സിനു തൃപ്തിയായ വേറെ ഒരു വ്യക്തിയെ സഹായിക്കണമെന്നു് ഉദ്ദേശമുണ്ടാകുന്നതു് മനുഷ്യസാധാരണമായ ഒരു സ്വഭാവമാണ്. അതിനെ സംബന്ധിച്ചു ഞാൻ തടസ്ഥം പറയുന്നില്ല. എന്നാൽ ഒരു ഉദ്യോഗസ്ഥനു്, നിയമസഭാതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നില്ക്കുന്ന ഒരു വ്യക്തിയോടു സംപ്രീതി കാണുന്നുണ്ടെങ്കിൽ അതു് ഈ സംഗതിയിൽ കാണിച്ചുകൊള്ളണമെന്നില്ല. അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ പ്രേരിപ്പിച്ചുവന്നോ അതല്ലാത്തപക്ഷം നാട്ടുമുറങ്ങളിലുള്ള കീഴുദ്യോഗസ്ഥന്മാർ ശ്രമിക്കുന്നുണ്ടെന്നോ അറിവുകിട്ടിയശേഷമെങ്കിലും ആവകസ്ഥലങ്ങളിൽവന്നു് നാട്ടുകാരെ ഒറ്റിയ്ക്കുവാൻ വേണ്ടിയെങ്കിലും ഒന്നു് അന്വേഷിക്കാത്തതിൽ സങ്കടമുണ്ടു്. ദിവാൻജിയവർകൾ അന്നു് കുന്തുരിലായതുകൊണ്ടു് വണ്ടിക്കൂലിക്കു കാശില്ലാത്തതുകൊണ്ടാണു് ഞങ്ങൾ വിവരം അവിടവന്നു പറയാത്തതെന്നു് ദിവാൻജിയവർകളുടെ മുമ്പിൽ സമർപ്പിക്കാതെ നിവൃത്തിയില്ല. ഈ വിഷയത്തെ സംബന്ധിച്ചു യാതൊരുതരത്തിലും ഗവൺമെൻറിനെ ധരിപ്പിച്ചുപോകരുതെന്നു് എന്റെ സഹോദരന്മാരായ നാട്ടുകാരോടു് അപേക്ഷിച്ചുകൊണ്ടിരുന്ന കരുത്തനാണു ഞാൻ. സ്വപ്നം കാണുകളേയും തള്ളിമാറ്റി എനിയ്ക്കു് ഈ നിയമസഭയിൽ കാലുവയ്ക്കണമെന്നു മോഹമില്ല. വാസ്തവത്തിൽ എന്റെ നാട്ടുകാരായ വോട്ടർമാർക്കു് എന്നെ സ്ഥാനാർത്ഥിയാക്കി നിറുത്തി തിരഞ്ഞെടുത്തയയ്ക്കണമെന്നു മോഹമുണ്ടെങ്കിൽ കൊച്ചീഗവൺമെൻറല്ല, ബ്രിട്ടീഷുഗവൺമെൻറോ മറ്റു് ഏതുഗവൺമെൻറുകൂടെ വന്നാലും നാട്ടുകാർക്കു സ്വാതന്ത്ര്യമുള്ളതായ വോട്ടവകാശം അവരുടെ പ്രതിനിധിക്കുതന്നെ കൊടുക്കുമെന്നാണു് എന്റെ വിശ്വാസം. ആ ഒരൊറ്റ വിശ്വാസംകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാണ് ഞാൻ ഈ സംഗതി ഗവണ്മെന്റിനോടോ ദിവാൻജിയവർകളോടോ ധരിപ്പിക്കാത്തത്. ഇന്നും ഞാൻ സങ്കടങ്ങൾ അനുഭവിക്കുന്നില്ല. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഉദ്ഘാടകം മെമ്പർ അനുഭവിച്ച സങ്കടങ്ങൾ മേലാലെങ്കിലും ഈ നിയമസഭയിൽ വരുന്ന സാമാജികന്മാർ അനുഭവിക്കാതിരിക്കുവാൻ വേണ്ടിയും, ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ശരിയായ മുമ്പാകെയെന്താണെന്ന് ബോധ്യപ്പെടുത്തുവാൻ വേണ്ടിയുമുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ സംബന്ധമായി പ്രസ്സുചെയ്ത കമ്മിറ്റിയെ നിശ്ചയിച്ച് അതിൽനിന്നും വല്ല നിവാരണങ്ങളും ഉണ്ടായി നാട്ടുകാക്ക് ഒരു രക്ഷ കിട്ടുമെന്ന് ഇന്നുവരെയുണ്ടായ കൊച്ചീഗവർമ്മെന്റിന്റെ നടപടികൾകൊണ്ട് എനിക്കു ബോദ്ധ്യമില്ല. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങണമെന്നു വിചാരിച്ചിട്ടില്ലായിരുന്നുവെങ്കിലും ഇതു പാർട്ടിമോഷനായതുകൊണ്ട് പിൻതാങ്ങാതെ നിവൃത്തിയില്ല.

കാലം മാറി, കാലം മാറുന്നതോടുകൂടി പല സംഗതികളും മാറിമാറിക്കാണുന്നുണ്ട്. പുതിയ ദിവാൻജിയവർകളെ ഈ വക സംഗതികളെല്ലാം ധരിപ്പിച്ച് അദ്ദേഹത്തിന്നു ഉപകരിതിരഞ്ഞെടുപ്പുകളിൽ എത്രയെത്രയോ വിവരമുള്ളതായതുകൊണ്ട് ഇടപെടുകിലും ഈ കാര്യത്തിൽ ഒരു മാതിരി ഒതുക്കി ചെയ്യണമേ, ഏതുപക്ഷത്തിൽ പങ്കുകൊള്ളുന്നതു് ആരും അറിയാതെ കഴിച്ചുകൂട്ടണമേ, എന്നെങ്കിലും ഉദ്യോഗസ്ഥന്മാരോടു താക്കീതു ചെയ്യാത്തപക്ഷം പൊതുജനങ്ങൾക്ക് ഗവണ്മെൻറിനോടുള്ള വിശ്വാസം കുറഞ്ഞു കുറഞ്ഞു പോകുമെന്നുള്ള ഭയം കൊണ്ടാണ് ഞാൻ ഒന്നുകൂടി കേണപേക്ഷിക്കുന്നതു്.

ഈ പ്രമേയം പ്രസ്സുചെയ്യണോവേണ്ടയോ എന്നു തീച്ചയാക്കേണ്ടതിന്നു് ഗവർമ്മെൻറിന്റെ മറുപടിക്കുവേണം എന്നാണു ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നതു്. ഇന്നിവിടെ ഉണ്ടായ പ്രസംഗങ്ങളെക്കൊണ്ടു് ഇന്നത്തെ കൊച്ചീഗവർമ്മെൻറ്—ഇന്നത്തെതല്ല—നന്നായിമേലിൽ പെരുമാറും എന്നൊരു ബോധം—പ്രതിജ്ഞവേണമെന്നാവശ്യപ്പെടുന്നില്ല—അനുദ്യോഗസ്ഥസാമാജികന്മാക്ക് സമ്മതമുണ്ടാകുന്നവിധത്തിൽ ഗവർമ്മെൻറിന്റെ മറുപടി കിട്ടുന്നപക്ഷം തീച്ചയായും ഈ പ്രമേയം ഇവിടെ പാസാക്കി നിബ്ബന്ധിക്കണമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. അല്ലാത്തപക്ഷം ഞങ്ങളുടെ കടമ—ഇതു പാസാക്കുക എന്നുള്ള മുമ്പാകെ—മാത്രമെങ്കിലും നിവൃത്തിക്കുവാൻ വിചാരിക്കുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം:- ഈ നിയമസഭയിൽ ഈ വിഷയത്തെസംബന്ധിച്ച വാദപ്രതിവാദങ്ങൾചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ഗുണത്തെപ്പറ്റി എനിയ്ക്ക് അത്രശകലം എന്നുവും കുറവാണെന്നുള്ള സംഗതി ബ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അനുദ്യോഗസ്ഥ സാമാജികന്മാരോടു പറയാതെ തരമില്ല. ഈ നിയമസഭയിൽത്തന്നെ ഇതിനുമുമ്പു് ഉണ്ടായിട്ടുള്ള അനുഭവങ്ങൾ ആണ് ഇപ്രകാരമുള്ള ഒരു പ്രസ്ഥാവനയ്ക്കു് എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. നമ്മുടെ സ്ഥാനത്തു് ഇവിടെ ഇരുന്നിരുന്ന അനുദ്യോഗസ്ഥസാമാജികന്മാരെ വച്ചുകൊണ്ടു് ലോകപ്രസിദ്ധമായ എറണാകുളത്തെ സത്യാഗ്രഹ മട്ടുപ്പാവിനെ സംബന്ധിച്ചു് ഒരു അന്വേഷണക്കമ്മിറ്റി ഉണ്ടാക്കുകയും ആ അന്വേഷണക്കമ്മിറ്റി ഒരു റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്യുന്നതിനു് ഒരു തരം ഭീഷണിയുടെ രൂപത്തിൽ മറുപടി തരുകയും ചെയ്തു ആ ഗവൺമെന്റിനെക്കൊണ്ടു് ഇപ്പോൾ ഇവിടെ ഒരു കാര്യം സാധിച്ചുകളയാം എന്നുള്ള ആഗ്രഹമല്ല എന്റെ ഈ പ്രസംഗത്തിന്റെ ഉദ്ദേശമെന്നു നിങ്ങൾ ധരിയ്ക്കണം. ആദ്യം കന്നമില്ലെങ്കിലും ഒരു പ്രചരണത്തിന്റെ ആവശ്യത്തിനുവേണ്ടി, ബഹുമാനപ്പെട്ട ഇതിന്റെ അവതാരകനും ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പറും, ബഹുമാനപ്പെട്ട വടക്കേ ഈഴവമെമ്പറും, ബഹുമാനപ്പെട്ട കാട്ടൂർ മെമ്പറും ഈ വിഷയത്തിൽ അവരവർക്കുണ്ടായ സ്വന്തം അനുഭവങ്ങളെക്കുറിച്ചാണ് ഇവിടെ പറയുകയുണ്ടായതു്. ഇങ്ങിനെയുള്ള സ്വന്ത അനുഭവങ്ങൾ പറഞ്ഞിട്ടെങ്കിലും നിങ്ങളുടെ വിക്രിയകളെസംബന്ധിച്ചു് പുറത്തുള്ള ആളുകൾ ധരിയ്ക്കട്ടെ എന്നുള്ള ആശ്വാസത്തോടും പ്രതീക്ഷയോടും കൂടിയാണ് ഇവിടെ പ്രസംഗംചെയ്യുന്നതു്. നിയോജകമണ്ഡലങ്ങളിൽ ഈ പ്രമേയത്തിന്റെ അവതാരകൻ പറഞ്ഞ പ്രശ്നങ്ങളിൽനിന്നു വരുന്ന രണ്ടു നിലയിലുള്ള ധർമ്മവഞ്ചനകളും ഗവൺമെൻറുദ്യോഗസ്ഥന്മാർ ചെയ്തായി എനിയ്ക്കു് സ്വന്തമായിട്ടറിയാം. ഗവൺമെൻറുദ്യോഗസ്ഥന്മാർ ഈ തിരഞ്ഞെടുപ്പിൽ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുത്തതു കൂടാതെ, അവർ നിരോധിയ്ക്കേണ്ടതായിട്ടുള്ള ധർമ്മഭ്രംശങ്ങൾകൂടി നിരോധിച്ചിട്ടില്ലെന്നുള്ള രണ്ടാമത്തെ ആക്ഷേപവും ഞാൻ ഗവൺമെൻറിനെ ധരിപ്പിച്ചുകൊള്ളുന്നു.

എന്റെ നിയോജകമണ്ഡലത്തിൽ എനിയ്ക്കനുഭവമുള്ള സംഗതി പറയാം. അവിടെ എന്റെ ജ്യേഷ്ഠസഹോദരൻ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ വിക്രിയകളെക്കുറിച്ചു് കമ്പി അയച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട റവന്യൂമെമ്പർ അവിടെ ക്യാമ്പുചെയ്യിരുന്നതുകൊണ്ടു് അതിനു് ഒരു തീരുമാനവും കിട്ടുകയില്ലെന്നാണ് എന്റെ അഭിപ്രായം. കൂടാതെ നിയോജകമണ്ഡലങ്ങളിൽ വെള്ളിമഴയും, സ്വർണ്ണമഴയും ഉണ്ടായിട്ടുണ്ടെന്നുള്ളതും പ്രസിദ്ധമായ ഒരു സംഗതിയാണ്. ആ കാലത്തുള്ള സകല പത്രങ്ങളിലും—ഗോമതി, കേരളൻ തുടങ്ങിയുള്ള എല്ലാ പത്രങ്ങളിലും—ഇതിനെസംബന്ധിച്ചുള്ള പ്രസ്താവനകളുണ്ടായിരുന്നു. വെള്ളിമഴയ്ക്കും സ്വർണ്ണമഴയ്ക്കും ഒരു വ്യത്യാസം മാത്രമുണ്ടു്. വെള്ളിമഴയ്ക്കു ഘനം കൂടും. ഇത്ര ഭയങ്കരമായ കാര്യത്തെ നിവർത്തിയ്ക്കുവാൻപോലും ഗവൺമെൻറുദ്യോഗസ്ഥന്മാർക്കു സാധിച്ചിട്ടില്ല. എത്രയും നിസ്സാരങ്ങളായ പതനങ്ങൾ വരുമ്പോൾ ഇണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

ലരായ പാവപ്പെട്ടമനുഷ്യരെ പിടിച്ചു ജയിലിലിടുവാൻ സന്നദ്ധതയുള്ള ഗവ ൺമെന്റ് അവരുടെ സ്വന്തം ആളുകളുടെ വിക്രിയകൾ കണ്ടിട്ട് എന്തു ചെയ്യുവെന്നാണു ഞാൻ ചോദിയ്ക്കുന്നതു്. നിസ്സാരമായ ഒരു സംഗതി വെറും അന്തസ്സിനെ സ്പർശിയ്ക്കുന്ന സംഗതി, വെറും മാനത്തെ സ്പർശിയ്ക്കുന്ന സംഗതി, വെറും പ്രചാരത്തെ സ്പർശിയ്ക്കുന്ന സംഗതിയിൽ ഇത്രമാത്രം സ്വന്തം പ്രാദേശികഭരണത്തിന്റെ പേരിൽ, സ്വന്തമായി പറയുന്ന പാർലിമെന്ററി സമ്പ്രദായത്തിന്റെ അസ്ഥാനത്തിൽ അവരെ പ്രതിരോധിയ്ക്കുന്നതിനു് ഒരു ഉത്തരവാദപ്പെട്ട ഗവൺമെന്റിനു് എന്തുചെയ്യുവാൻ സാധിച്ചുവെന്നാണു ഞാൻ ചോദിയ്ക്കുന്നതു്. ഒന്നും സാധിച്ചിട്ടില്ലെന്നു, അവയ്ക്കു നില്പുജ്ജം തലയിൽകൈവയ്ക്കാണ്ടു പറയേണ്ടിവരുമെന്നു ഞാൻ പറയുന്നു.

ഒരു സംഗതി ഞാൻ എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാരോടു പറയുന്നു. നിങ്ങളാരും അവിടുന്നു വരുന്ന മറുപടിയെ ആശിയ്ക്കേണ്ട. രീച്ച്യായും അവരുടെ മറുപടി നമ്മെ തൃപ്തികരമായിരിക്കയില്ല. ഗവൺമെന്റുദ്യോഗത്തുള്ള മറുപടി കേട്ടു വിശ്വസിയ്ക്കുവാൻ ഞങ്ങളും പുറത്തുള്ള പബ്ലിക്കും തയ്യാറില്ല. ഞങ്ങളിടെ പറയുന്നതു് കൊച്ചിയിലെ കൊച്ചീക്കാരോടും കൊച്ചിയ്ക്കു പുറത്തുള്ള ഇൻഡ്യാക്കാരോടും ഉള്ള ഒരുപ്രസ്താവനമാത്രമായിട്ടു് നിങ്ങൾ ഇതിനെ ഗണിച്ചാൽ മതി. ഇതു് കേവലം പുത്തരിയായിട്ടു് ഈ നിയമസഭയിൽ വരുന്ന ഒരു സംഗതിയല്ല. പല്ലങ്ങളിലും മറ്റു പൊതുജനയോഗങ്ങളിലുമുള്ള പ്രസ്താവനകളിൽനിന്നും സ്വയംഭരണപ്രവർത്തനങ്ങളെ പ്രതിബന്ധിച്ചുകൊണ്ടു പ്രവൃത്തിച്ചുവരുന്നതായി കാണാം. അതിനെസംബന്ധിച്ചു നിയമസഭയിൽ 50-ം, 60-ം ചോദ്യങ്ങൾ ചോദിച്ചാൽ 1-ം, 2-ം ചോദ്യങ്ങൾക്കു മാത്രമേ മറുപടി തരാറുള്ളു. ഇങ്ങിനെയുള്ള പ്രതിബന്ധങ്ങളെസംബന്ധിച്ചു പലതവണയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തീട്ടുള്ളതാണു്. അതുപോലെയുള്ള അവരുടെ പുറപ്പാടുകളിൽ ഒന്നാണിതു് എന്നു ഗണിച്ചാൽമതി.

ഇവിടെ എന്റെ നിയോജകമണ്ഡലത്തിന്റെ കാര്യമായും മാത്രം ഞാൻ പറയാം. പട്ടണങ്ങളിലും മറ്റും രണ്ടായിരവും, മൂവായിരവും ചിലവുചെയ്യുവെന്നറിയാം. കുഗ്രാമപ്രദേശങ്ങളിൽ വന്നു് ധർമ്മഭ്രംശമെന്നാലെന്താണെന്നുകൂടി അറിവില്ലാത്ത പാവപ്പെട്ടഗ്രാമീണരുടെയിടയിൽ, നിസ്സാരമായ കൊടുങ്ങല്ലൂരിൽ പത്തു ഇരുപതും ഉറുപ്പിക വീതം ചിലവു ചെയ്യുവെന്നു കേൾക്കുമ്പോൾ നമ്മുടെ നാട്ടിന്റെ ധർമ്മബോധവും, കീർത്തിയും എത്രയോ ദൂഷിച്ചുപോയിരിയ്ക്കുന്നുവെന്നു കാണാം. വോട്ടർമാരെ കണ്ടു സഹകായ്മയായി പണം കൊടുത്തിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. പോളിംഗ് ആഫീസിനകത്തുവച്ചുതന്നെ കൊടുക്കയുണ്ടായി! പോളിങ്ങ് ഉദ്യോഗസ്ഥനും പോലീസുകാരും പൊതുജനപ്രതിനിധികളും ഇരിയ്ക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ കൺമുന്നിൽവച്ച് ഇത്ര പരസ്യമായി നിയമലംഘനം ചെയ്യുമ്പോൾ നിയമലംഘനത്തെ എങ്ങിനെ പ്രതിഷേധിയ്ക്കുവാൻ സാധിയ്ക്കുമെന്നു ഞാൻ ചോദിയ്ക്കുന്നു. മിണ്ടുന്നതിനുമുമ്പു ജയിലിൽ, മിണ്ടിയാൽ തല്ല് എന്നുപറയുന്ന കൂട്ടർതന്നെ ഈ മാതിരി അസാധാരണ നിയമലംഘനം ചെയ്യുമ്പോൾ നിയമലംഘനത്തെ എങ്ങിനെ എതിർക്കുവാൻ സാധിയ്ക്കും ?

അതുകൊണ്ട് ബഹുമാന്യന്മാരായ നിങ്ങളെല്ലാവരും കണ്ടിട്ടുള്ളതായ ഈ ധർമ്മഭംഗത്തെ സാക്ഷീകരിച്ചുകൊണ്ട് ഈ പ്രമേയത്തെ ഐകകണ്ഠ്യമായി അനുകൂലിയ്ക്കണമെന്നു ഞാൻ നിങ്ങളോടു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

Mr. President:—The House stands adjourned to quarter past two.

The House rose for lunch at 1 p. m. and re-assembled at 2-15 p. m. with the Diwan President in the Chair.

Mr. V. K. Krishnankutty:— Sir, I may, at the very outset, assure the House that I am not going to inflict a monotonous story of my election and my constituency. But I wish to speak a word about the effect of the interference by the officials in the election.

The whole principle of this Legislature as well as its constitution will be adversely affected by such an interference on the part of our officers. Most of us here on this side are all elected representatives of the people of the State. An interference by the official side of this House in the election will convert us in effect into a set of nominated members, who will practically reflect the views of the official side in all matters which come up for consideration in this House.

I am not one of those unhappy beings who have been defeated and disappointed in the election by the help of the official staff of this State. The interference of the officials, if at all, had the effect of converting the candidates into the D variety of M. L. Cs. viz., the defeated and the disappointed. Whatever part they might have taken had the effect of defeating the candidates who requested the help or who had the fortune of getting the help of the official side of the House or the officials who are not represented in this House. So we may rest assured that the power and influence which has been or which can be influenced by the official side is only so much. But my purpose here is just to point out the effect of their interference, if effective. But the interference has not been effective so far as this year's election is concerned. I am not also one of those

LIBRARY ARCHIVES Kerala Legislative Assembly

glorious people who have been opposed by officials and returned from the constituency in spite of their opposition. Whatever might be the effect on the officials with regard to the interference in election our Legislature will be affected very sorely indeed. I would therefore request the House to consider this matter and in future to prevent a repetition of such unhappy incidents.

മിസ്റ്റർ പി. രാമൻമേനോൻ:—സർ, അസാധാരണമായ ഹൃദയവേദനയോടുകൂടിയല്ലാതെ സംസാരിക്കുവാൻ നിവൃത്തിയില്ലാത്തവിധം പൊതുജനങ്ങളുടെ പൌരാവകാശത്തേയും, ഉദ്യോഗസ്ഥന്മാരുടെ ധർമ്മബോധത്തേയും, സ്പർശിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ് ഇപ്പോൾ ഈ സഭമുമ്പാകെ പ്രതിപാദിക്കപ്പെട്ടു വരുന്ന പ്രസ്തുത പ്രമേയം. ഈ തവണ ഈ സംസ്ഥാനത്തുണ്ടായിട്ടുള്ള നിയമസഭാതിരഞ്ഞെടുപ്പ്, ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാതിരഞ്ഞെടുപ്പുകളിലുംവച്ച് ഒരു പ്രത്യേക സംഗതികൊണ്ട്,—ഉദ്യോഗസ്ഥമേധാവിത്വത്തിൽ ചിലരുടെ അനാർഹവും അക്ഷന്തവ്യവുമായ കൈകടത്തൽകൊണ്ട്—എല്ലാവരുടേയും ശ്രദ്ധയെ സവിശേഷം ആകർഷിച്ചിട്ടുള്ള ഒന്നാണ്. ആ തിരഞ്ഞെടുപ്പ് അസാധാരണവും അനീതിപരവുമായ ഒന്നാവാനിടയുണ്ടെന്നും തിരഞ്ഞെടുപ്പിനുള്ള കാലനിർണ്ണയത്തിനു വളരെ മുമ്പുതന്നെ ഈ രാജ്യം മുഴുവൻ പ്രസിദ്ധമായിതീർന്നിട്ടുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരും സാധാരണക്കാരായ മനുഷ്യരായതുകൊണ്ട് അവരും അവരവരുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച പ്രവൃത്തിച്ചിട്ടുണ്ടായിരുന്നാൽ അതിനെപ്പറ്റി—മനുഷ്യസഹജമായ ആ ബലഹീനതയെപ്പറ്റി—ആവലാതി പറയുന്നതിനുമാത്രം സങ്കുചിത മനസ്കരാരല്ലതന്നെ, ഇന്നിവിടെ കൂടിയിരിക്കുന്ന ബഹുമാന്യന്മാരായ സഭാംഗങ്ങൾ. പക്ഷേ, സാധാരണയിലധികം കവിഞ്ഞതും, ഉദ്യോഗസ്ഥലോകത്തിന്റെ അന്തസ്സിനേയും അഭിമാനത്തേയും ഒന്നാകെ പരാമർശിക്കുന്നതും അവരുടെ കൃത്യബോധത്തേയും സദാചാരനിഷ്ഠയേയും സ്ഥാനവലിപ്പത്തേയും തലകീഴാക്കി മറിക്കുന്നതുമായ പ്രവൃത്തികൾ, സങ്കോചം കൂടാതെ അധികാരസ്ഥാനങ്ങളിലിരിക്കുന്ന ചിലർ ചെയ്തുകഴിഞ്ഞിട്ടുള്ളതിലാണ് ഞങ്ങൾക്കു ആക്ഷേപവും ആവലാതിയുമുള്ളത്. ആ മേധാവികളുടെ മതിമാന്യമുള്ള നിഗ്രഹതന്ത്രങ്ങൾ ഞങ്ങൾക്കെല്ലാം തീരെ വിരോധമായിരുന്നുവെങ്കിലും ഞങ്ങൾ അവരേയും തോല്പിച്ച് തിരഞ്ഞെടുപ്പിൽ വിജയം സമ്പാദിച്ചുവെന്നു വരികിലും അവരുടെയുള്ള വ്യാമർദ്ദം നാട്ടുകാരുടെ ധർമ്മബോധത്തിനേറ്റും ധൈര്യത്തിനേറ്റും മാറ്റുകുറക്കുകയാണു ചെയ്യുതെങ്കിലും എതിരാളികൾക്കു ശക്തിയില്ലെന്നും, അതു നാശകരമല്ലെന്നും വരുന്നില്ല. ഈ മാതിരി പ്രവൃത്തികൾ ഇടയ്ക്കും ഈ രാജ്യത്തുണ്ടാകുവാനിടവരുന്നപക്ഷം അതു രാജ്യത്തിന്റെ ക്ഷേമത്തിനും, സമുല്ലാസത്തിനും സൽ

LIBRARY ARCHIVES Kerala Legislative Assembly

പേരിന്നും സാരമായ നാശം വരുത്തുമെന്നുള്ളതിന്ന സംശയമില്ല. അതാണീപ്രമേയത്തിന്റെ പ്രാധാന്യത്തിന്നുള്ള പ്രഥമ കാരണം.

സർ, ഏതെങ്കിലും ഒരു വകുപ്പിലെ സാധുസിൽബന്ധികൾ—ചെറിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാർ—ഈ തിരഞ്ഞെടുപ്പുകാര്യത്തിൽ എന്തെങ്കിലും അതിരുകടന്നുംകൂടി പ്രവൃത്തിച്ചിട്ടുണ്ടെങ്കിലും അതിനെപറ്റി ഒന്നും ഒരിക്കലും ഞങ്ങൾ ആക്ഷേപിക്കുകയില്ല. ബഹുമാന്യന്മാരായ ഈ സഭയിലെ അനുദ്യോഗസ്ഥസാമാജികന്മാരിലാരും അവരെ ആക്ഷേപിക്കുമെന്നും തോന്നുന്നില്ല. ഒരു ന്യൂനപ്പികയിൽ താഴെ ശമ്പളമുള്ള ഏതൊരുദ്യോഗസ്ഥനേയും ഇക്കാര്യത്തിൽ ഞാൻ ചെറിയ സിൽബന്ധിയാണെന്നേ വിചാരിക്കുന്നുള്ളൂ. അങ്ങിനെയുള്ളവരുടെ അധികപ്രസംഗമല്ലാ അധികാരപ്രമത്തതയല്ലാ ഈ പ്രമേയവിഷയം. നേരെമറിച്ച്, ഈ രാജ്യത്തിലെ രാഷ്ട്രസമ്പത്തിന്റെ ചുമതല മുഴുവൻ ഏറ്റിട്ടുള്ളവരും അതിന്റെ നിലനില്പിന്നുവേണ്ടി അനവരതം ആത്മാർത്ഥമായി പ്രവൃത്തിച്ചുകൊണ്ടിരിക്കേണ്ടവരും എണ്ണൂറും ആയിരവും ഉറുപ്പിക സക്കാരിന്റെ ശമ്പളം വാങ്ങുന്നവരുമായ ഉയർന്ന ഉദ്യോഗസ്ഥന്മാർ അവരുടെ സദാചാരബോധത്തേയും കൃത്യനിഷ്ഠയേയും തങ്ങളിൽ അർപ്പിതമായിരിക്കുന്ന വിശിഷ്ടവിശ്വാസത്തേയും ആദ്യന്തം അവഗണിച്ച് ലജ്ജവിട്ടു പ്രവൃത്തിച്ചിട്ടുണ്ടെന്നുള്ളതാണ് ഈ പ്രമേയാവതരണത്തിന്നടിയിൽ കിടക്കുന്ന ആന്തരതത്വം. അതു ഞങ്ങൾക്കു പരമബോദ്ധ്യമായ, അനുഭവവേദ്യമായ ഒരു സംഗതിയുമാണ്. സർ, ഞങ്ങൾക്കു ഈ അവിവേകികളുടെ അനർഹമായ അധികാരപ്രയോഗത്താൽ ഈ തിരഞ്ഞെടുപ്പിൽ കഠിനമായ കഷ്ടനഷ്ടങ്ങൾ സംഭവിച്ചോ ഇല്ലയോ എന്നുള്ളതു് ഇവിടെയാലോചിക്കേണ്ട വിഷയമേ അല്ല. അവരുടെ പ്രവൃത്തി ന്യായീകരിക്കത്തക്കതാണോ, അവർ അവരുടെ ചുമതലയെ വിട്ടും വിസ്മരിച്ചും പ്രവൃത്തിച്ചിട്ടുണ്ടോ എന്നുള്ളതു് ഗവർമ്മെൻറിന്റെ ഗാഢമായ ശ്രദ്ധയെ അവരുടെ ആത്മരക്ഷക്കുവേണ്ടിയെങ്കിലും ആകർഷിക്കേണ്ടതായ ഒന്നാണ്. കൊച്ചിരാജ്യം ഉൽകൃഷ്ടവും ഉന്നതവും അയൽരാജ്യക്കാർക്കു അസൂയാജനകവുമായ ഒരു പരിഷ്കൃതനിലയിൽ എത്തിച്ചേർന്നിരിക്കുമ്പോൾ അവിടത്തെ ഉദ്യോഗസ്ഥലോകം വളരെ കൃത്യനിഷ്ഠയോടും സദാചാരബോധത്തോടുംകൂടി പൊതുജനഭൃത്യന്മാരെപ്പോലെ സകലതും പ്രവർത്തിച്ച് രാജ്യത്തിന്റെ സൽപേരിനേയും രാജ്യക്കാരുടെ അഭിമാനത്തേയും മഹാരാജാവിന്റെ മഹിമയേയും പുലർത്തുന്നതിനുപകരം അവർ ഇപ്രകാരമാണോ പ്രവൃത്തിക്കേണ്ടതു് ? അതാണു് ഗവർമ്മെൻറാപേക്ഷിക്കേണ്ടതു്. ഈ നിയമസഭയുണ്ടായതിന്നുശേഷം ഇതുവരെ ഉദ്യോഗസ്ഥന്മാരുടെ തിരഞ്ഞെടുപ്പുവിക്രിയകളെക്കുറിച്ചുള്ള ഒരു പ്രമേയം അവതരിപ്പിച്ചിട്ടില്ല. അവർ ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ മോസന്മാരാണെന്നുള്ള നിലയിൽ പ്രവൃത്തിച്ചിട്ടുണ്ടെന്നുള്ള അഭിമാനത്തിലാണ് ഞങ്ങൾ ഇതുവരെ തൃപ്തിപ്പെട്ടിരുന്നത്. എന്നാൽ, രാജ്യത്തിന്റെ നിർഭാഗ്യത്തിനു, എന്തോ സംഗതിവശാൽ, എന്തോ ഒരു ഗൂഢശക്തിയുടെ പ്രാകൃതമായ പ്രേരണയാൽ ഉദ്യോഗസ്ഥന്മാരെല്ലാം ഇത്തവണ അതിഭയങ്കരമായ ഒരു മറിച്ചിൽ വന്നതായിട്ടാണ് ഇപ്പോളനുഭവത്തിൽ കാണുന്നത്. ഇത്തവണത്തെ തിരഞ്ഞെടുപ്പ് തുടങ്ങുന്നതിനു വളരെമുമ്പു മുതല്ക്കുതന്നെ ഈ രാജ്യത്തെ ജനങ്ങളെ ജനകീയകക്ഷിയെന്നും ജനകീയമല്ലാത്ത കക്ഷിയെന്നും—മറ്റൊരുപേർ ഞാൻ പറയുന്നില്ല—രണ്ടുവിഭാഗം കക്ഷികളായിത്തിരിച്ച്, ജനകീയകക്ഷികളിൽ നിന്നും ആരും നിയമസഭയിൽ കടന്നുകൂടാ എന്നുള്ള ഉദ്ദേശത്തോടുകൂടി എന്തോ ഒരു ശക്തി, എവിടെനിന്നോ എന്തിനുവേണ്ടിയോ പൊട്ടിപ്പുറപ്പെട്ടു പ്രവൃത്തിച്ചു തുടങ്ങിയിരുന്നുവെന്നു ഞങ്ങൾക്കുതന്നെ അനുഭവപ്പെട്ടിട്ടുണ്ട്. ആ ശക്തിയെത്തന്നെ പലപ്രാവശ്യത്തിലും രൂപത്തിലും പല സ്ഥലത്തും ഞങ്ങളിൽ പലരും ധാരാളം കണ്ടിട്ടുണ്ട്. മിക്കവർക്കും മുറയ്ക്കനുഭവപ്പെട്ടിട്ടുമുണ്ട്. ഞാൻ ഇവിടെ ഈ പ്രമേയം പിന്താങ്ങുന്നതിനു എഴുന്നേറ്റ് നിന്നപ്പോൾത്തന്നെ ബഹുമാന്യരായ ഉദ്യോഗസ്ഥസാമാജികരിൽ പലരും "ഈ പഹയൻ എന്നെപ്പറ്റിയായിരിക്കും പറയുവാൻ പോകുന്നത്, എന്നെക്കുറിച്ചായിരിക്കും ആക്ഷേപിക്കാൻ പുറപ്പെട്ടതു" എന്നു ഭയപരിഭ്രമങ്ങളോടുകൂടി വിചാരിക്കുന്നുണ്ടായിരിക്കും! ശരവരുടെ ഹൃദയം വേവലാതി കൊള്ളുന്നുണ്ടായിരിക്കും. (ചിരി) മനുഷ്യന്റെ ഹൃദയവ്യാപാരങ്ങളെ നേരെ കാണുന്നതിനുള്ള ശക്തി, സർ, ഇന്നു് അങ്ങയുടെ ദൃഷ്ടികൾക്കുണ്ടായിരുന്നുവെങ്കിൽ ഞങ്ങളാരും പറയാതെ തന്നെ, തെരഞ്ഞെടുത്തതിനെക്കാൾ കണ്ണോടിച്ചതു് ഉദ്യോഗസ്ഥപക്ഷത്തിൽനിന്നും തിരഞ്ഞെടുപ്പിൽ പങ്കെടുത്തിട്ടുള്ളവരാണെന്നു അങ്ങയ്ക്കുതന്നെ കാണുവാൻ കഴിയുമായിരുന്നു. ഇതാ നോക്കൂ ചിലരുടെ ഹൃദയം തുടിയ്ക്കുന്നു, ചിലരുടെ കൈകാലുകൾ വിറയ്ക്കുന്നു, ചിലർ മുഖത്തെ വൈവർണ്ണ്യം മറയ്ക്കുവാൻ ശ്രമിക്കുന്നു! ക്രൂരജന്തുക്കളെക്കണ്ടാൽത്തന്നെ തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങളെ സൃഷ്ടികർത്താവുതന്നെയുടെ മുഖത്തുതന്നെ കൊടുത്തിട്ടുണ്ട്. എന്നാൽ സംസ്കൃതനായമനുഷ്യന്റെ മുഖം മിക്കപ്പോഴും അകത്തുള്ള ക്രൂരതയെ മൂടിവെക്കുന്നു! മനുഷ്യൻ പുഞ്ചിരിയിട്ടുകൊണ്ട് കൊല്ലുന്നു; കൊല്ലിക്കുന്നു. വാസ്തവം പക്ഷേയാണെങ്കിൽ പല പല ഉദ്യോഗസ്ഥന്മാരും—അവരിലും മാന്യന്മാരും മഹാമനസ്കന്മാരും ഇല്ലായ്കയില്ല—ഈ കാര്യത്തിൽ എത്ര നീചമായും നിന്ദ്യമായും പ്രവൃത്തിച്ചിട്ടുണ്ടെന്നുള്ളതിനു വലിയതെളിവുകളൊന്നും ഇനി ആവശ്യമില്ല. ബഹുമാന്യന്മാരായ അനുദ്യോഗസ്ഥസാമാജികന്മാർ ഈ നിയമസഭയിൽ വന്നു് ഈ തിരഞ്ഞെടുപ്പുകാര്യത്തിലിടപെട്ടു പ്രവൃത്തിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുവാൻ ഒരനേഷണക്കമ്മിറിയെ രൂപീകരിക്കണമെന്നു പറയുന്നതും, അതിനെ എല്ലാവരും പിന്താങ്ങുന്നതുംതന്നെ മറക്കാനോ മറയ്ക്കുവാനോ വയ്യാത്ത ഒരു വലിയ തെളിവാണ്.

സർ, ഞങ്ങൾ കേവലം ചുമതലാബോധമില്ലാത്ത കൊച്ചുകുട്ടികളല്ല. ഞങ്ങളിൽ പലരും ഒട്ടേറെ കുട്ടികളുടെ പിതാക്കന്മാരാണ്. ഈ സ്ഥാനത്തെക്കുറിച്ചും ഞങ്ങളുടെ കർത്തവ്യത്തെക്കുറിച്ചും ഞങ്ങൾക്കു വേണ്ടിടത്തോളമുള്ള വിവരമുണ്ട്. ഞങ്ങളിലാരാളല്ല എല്ലാവരുമാണപേക്ഷിക്കുന്നത്. പരമാത്മാവിയാതെ ഇങ്ങിനെയുള്ള കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ പ്രസംഗിക്കുമെന്നു സർ, നിങ്ങൾ വിചാരിച്ചുപോകരുത്. ഈ ഉദ്യോഗസ്ഥന്മാരുടെ ഒളിച്ചുകളിനിമിത്തം കേവലം പരിഹാര്യങ്ങളായിരുന്ന എത്രയെത്ര കഷ്ടസ്ഥിതികളാണ് നാട്ടുകാർ അനുഭവിച്ചിട്ടുള്ളതെന്നു ഞങ്ങൾക്കറിയാം. വലിയ വലിയ ഉദ്യോഗസ്ഥന്മാർ, ഇവിടത്തെ, എഞ്ചിനീറിക്കാരിൽപ്പെട്ട എഞ്ചിനീയർപ്പെട്ടവർ. അവരുടെ ഇഷ്ടപ്രകാരം പ്രവൃത്തിക്കുന്ന മൂട്ടതാങ്ങികളായ ആളുകളെ മാത്രമേ നിയമസഭയിലേക്കു പൊതുജനപ്രതിനിധികളായി കടത്താവൂ എന്നുള്ള നിച നീചമായ ദുരുദ്ദേശത്തോടുകൂടി പ്രവൃത്തിച്ചിട്ടുള്ളതായി ഈ സഭമുമ്പാകെ പ്രസ്താവിച്ചുകേട്ടില്ലയോ (ഷേയിം). ഞാനിതിനു മുമ്പാരവസരത്തിൽ പ്രസ്താവിച്ചതു പോലെ "പൊതുജനങ്ങളാൽ സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെട്ട ജനസമ്മതിയുള്ള ആളുകൾ, കൃത്യബോധവും പൌരബോധവുമുള്ള ആളുകൾ വീരന്മാരും ധീരന്മാരുമായ ജനപ്രതിനിധികൾ, അവരുടെ അഭിലാഷങ്ങളും ആവശ്യങ്ങളും ആവലാതികളും ഇവിടെ ഈ സഭാസ്ഥലത്തുവന്നു ദിവാൻ പ്രസിഡണ്ടവർകളുടെ മുമ്പാകെ സധീരം സവിസ്തരം പ്രസംഗിക്കട്ടെ. എന്നാൽ, അതു നാം കേൾക്കും; അവക്കു നാം നിവൃത്തി നല്കും" എന്നുള്ള ശാസനയോടുകൂടി മഹാമനസ്കനും പ്രജാവത്സലനും ആയ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചതന്നിട്ടുള്ള ഈ പരിശുദ്ധസ്ഥാപനത്തെ, പ്രജായത്ത ഭരണത്തിലേക്കുള്ള പ്രഥമസോപാനമായ ഈ നിയമസഭയെ ദുഷിപ്പിക്കുന്നതിനാണോ നിരിക്കുന്നതിനാണോ വ്യഭിചരിപ്പിക്കുന്നതിനാണോ ഉല്ലായ്മ ചെയ്യുന്നതിനാണോ ഉദ്യോഗസ്ഥന്മാർ ശ്രമിക്കേണ്ടതു? അതിനാണോ അവർക്കുള്ള ശമ്പളവും ബത്തയും ബഹുജനങ്ങൾ കഷ്ടപ്പെട്ടു കണ്ണുനീരോലിപ്പിച്ചുകൊടുക്കുന്ന കൈക്കോട്ടും തൂമ്പയുമെടുത്തു വേലചെയ്തുണ്ടാക്കുന്ന പണം—800-ം 1000-ം ആയി അവർ അപഹരിക്കുന്നതു? രാജ്യക്ഷേമത്തിനു വിരുദ്ധമായും രാജശാസനയ്ക്കെതിരായും പ്രവൃത്തിക്കുന്ന ആളുകളെ ഉദ്യോഗസ്ഥന്മാരെന്നല്ലാ കൂടുത്ത രാജദ്രോഹികളെന്നാണു പറയേണ്ടതു. അവരാണ്, അല്ലാത്ത രാജ്യക്ഷേമത്തിനുവേണ്ടി നിസ്വാർത്ഥമായി പ്രവൃത്തിക്കുന്ന പൊതുജനങ്ങളല്ലാ—അവരുടെ നേതാക്കന്മാരല്ലാ—രാജദ്രോഹികൾ.

LIBRARY ARCHIVES Kerala Legislative Assembly

സർ, കൊച്ചിനിയമസഭ മനോഹരമായൊരു സഭയാണ്. അവിടത്തെ മെമ്പർമാർ ചുമതലാബോധമുള്ളവരാണ്. സ്വതന്ത്രന്മാരാണ്. അവക്കു രാജ്യാഭിമാനമുണ്ട്. അവക്കു ഭ്രമമോ പരിഭ്രമമോ ഇല്ലാ. എന്നല്ലയോ ലോകം ഈ സഭയെ കീർത്തിക്കുന്നതു്; കീർത്തിക്കേണ്ടതു്; അതല്ലയോ രാജ്യത്തിന്റെ അന്തസ്സും ഗവർമ്മെൻറിന്റെ ശക്തിയും. അതിനു പകരം ചാക്കനോയും പോക്കനോയും കടത്തിക്കൊണ്ടുവന്ന "റാൻമൂളിപ്പിച്ചു" മൂപ്പു വാഴ്ച നടത്തുവാനും അതിനനുവദിക്കാത്ത ചൊണയും ചൊടിയുമുള്ളവരെ ഉദ്യോഗശക്തി ഉപയോഗിച്ചു തോല്പിക്കുവാനും പുറപ്പെട്ടുകയാണോ വേണ്ടതു്? അങ്ങിനെയുള്ളൊരു പ്രതിനിധി സഭകൊണ്ടു് എന്തുകാര്യംസാദ്ധ്യമാണുള്ളതു്? ഈവക സംഗതികളൊന്നും ആലോചിക്കാതെ പൊതുജനബന്ധാരത്തിൽനിന്നു മാസംതീരം 600_ം—800_ം ശമ്പളം വാങ്ങുന്ന വലിയ വലിയ ഉദ്യോഗസ്ഥന്മാർ, വേലിതന്നെ പഞ്ചതിനന്നപോലെ അവരാരെന്നുള്ളതു മറന്നു് തനിസ്വാർത്ഥലാഭങ്ങൾക്കു വേണ്ടി പ്രവൃത്തിക്കയോ പ്രവൃത്തിപ്പിക്കുകയോ, അതു് ഈ പരിഷ്കൃതമായ കൊച്ചിരാജ്യത്തിലോ? സ്വപ്രജകളെ സ്വപുത്രരെന്നപോലെ വിചാരിക്കുന്ന ഭരണധുരന്ധരനായ ഒരു മഹാരാജാവിന്റെ രാജ്യത്തിലോ? അഹോ കഷ്ടം! വലിയ ഉദ്യോഗസ്ഥന്മാർ ഉദ്യോഗനിലകൂടാതെ സ്വന്തം നിലയിൽ ഒരു വ്യക്തി മാത്രമായി എന്തെങ്കിലും പ്രവൃത്തിച്ചുകൊള്ളട്ടെ. അതിനു വിരോധമില്ല. ആ നിലയ്ക്കു വന്നാൽ ആരായാലും കുറ്റമറി നോക്കുകയുമാവാം. എന്നാൽ വലിയ ഉദ്യോഗസ്ഥന്മാരാണെന്നു പറഞ്ഞുകൊണ്ടു് രാജകീയങ്ങളായ അസ്സൂർസ്സൂങ്ങളോടുകൂടി ആ സ്ഥാനത്തുനിന്നുകൊണ്ടു് അവരുടെ പ്രഭാവത്തേയും പ്രാഗത്ഭ്യത്തേയും പ്രകടിപ്പിക്കുന്നതിലാണു് ആക്ഷേപവും അനീതിയും. ആ അതിക്രമണത്തെയാണു് അനേഷിച്ചുമനസ്സിലാക്കുന്നതിനപേക്ഷിക്കുന്നതു്. ഉദ്യോഗമില്ലെങ്കിൽ അവർ ഞങ്ങളേക്കാൾ ഏറ്റുകൊണ്ടും അശക്തരും അസമർത്ഥരുമാണു്. ഇപ്രകാരമായിട്ടാണു് ഈ രാജ്യത്തിൽ ഇപ്രകാരമൊരു സംഭവമുണ്ടായതു്. സർ, അതു് പ്രജായത്തഭരണത്തിനു ബ്രിട്ടീഷിന്ത്യയിലുണ്ടായിട്ടുള്ള എല്ലാ വളർച്ചകളിലും ഭാഗഭാക്കും നിയന്ത്രകനുമായി വിരാജിച്ചുവ്യാതി നേടീട്ടുള്ള ഇന്നത്തെ ദിവാൻ പ്രസിഡണ്ടിന്റെ കാലത്തു് വേണ്ടിവന്നതാണെങ്കിൽകൂടുതൽകഷ്ടതരമായിട്ടുള്ളതു്. ഇന്ത്യൻ അസംബ്ലിപ്രസിഡണ്ടിന്റെ പ്രവേശം, കൊച്ചിയിലെ കൌൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിനെത്തന്നെ ഉദ്യോഗസ്ഥലോകത്തിന്റെ ഒരു പിടിച്ചുവലി ആക്കിതീർത്തുവോ എന്നു പുറത്തു കേൾക്കുന്നിടയാകുന്നതാണു്. സർ, അങ്ങുടെ സൽകീർത്തിക്കും സ്വാഭിപ്രായസ്വാതന്ത്ര്യത്തിനും കൂടി ആപൽകരമാണു്. അതുകൂടാതെ കഴിക്കുന്നതിനെങ്കിലും ഇതുവരെ പറഞ്ഞ മറ്റൊന്നും അങ്ങയുടെ മനസ്സിനെ ഇളക്കീട്ടില്ലെങ്കിൽ, ഉടനെ ഒരന്വേഷണകമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചു കഴിഞ്ഞ തിരഞ്ഞെടുപ്പു കായ്ത്തിൽ മുമ്പും കയ്യമായി പ്രവൃത്തിച്ച ഉദ്യോഗസ്ഥപ്രമുഖന്മാരുടെ കായ്മമൊന്നു് അനേഷിക്കുക. കഴിഞ്ഞതോ കഴിഞ്ഞു. മേലാലെങ്കിലുമിത്തരം നിരുത്തരവാദിത്വവും വ്യക്തിവിദ്വേഷവും തിരഞ്ഞെടുപ്പു കായ്ത്തിൽക്കൂടാതെ കഴിയട്ടെ. അതില്ലെങ്കിൽ ഭാവി ഭായനകമായിരിക്കും. എന്റെ സമയം അതിക്രമിച്ചിട്ടുണ്ടെങ്കിൽ അതിനു മാപ്പു ചോദിക്കുന്നു. പറയാവുന്നതിന്റെ ശതാംശവും പറഞ്ഞിട്ടില്ല. ഉണ്ടായതിന്റെ ശതാംശം പറയാവുന്നതുമല്ല. ഉദ്യോഗസ്ഥന്മാരോടുള്ള ഭയംനിമിത്തം ഉള്ള ശക്തി മുഴുവൻ പ്രയോഗിച്ചു് പ്രസംഗിക്കുവാനും ധൈര്യമില്ല. അനേഷണകമ്മറിക്കല്ലാതെ ഞങ്ങളുടെ ആക്ഷേപം ശമിപ്പിക്കാനും ഉദ്യോഗസ്ഥന്മാരുടെ മാലിന്യം (ഉണ്ടെങ്കിൽ) കളയാനുംസാധിക്കില്ല. അതിനു വീണ്ടും അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, തിരഞ്ഞെടുപ്പുകായ്ത്തിൽ ഗവൺമെൻറുദ്യോഗസ്ഥന്മാർ ഇടപെടുകയെന്നുള്ളതു മറവു രാജ്യങ്ങളിലെപോലെയാണു് ഇവിടെയെന്നു ദിവാൻ പ്രസിഡണ്ടു് അവർകൾ ധരിക്കരുതെന്നു് അപേക്ഷിക്കുവാനാണു ഞാൻ എണീറ്റു നില്ക്കുന്നതു്. ഉത്തരവാദിത്വഭരണം നടപ്പാക്കീട്ടുള്ള ഒരു രാജ്യത്തു നിയമസഭക്കു് ഉത്തരവാദപ്പെട്ട ഒരു ഗവൺമെൻറ് അഥവാ തിരഞ്ഞെടുപ്പിൽ പ്രവേശിച്ചാൽതന്നെയും ആ ഗവൺമെൻറു ജനങ്ങൾക്കു തൃപ്തികരമായ ഒരു കായ്മപരിപാടിയോടുകൂടിയുള്ള ഗവൺമെൻറ് ആയതുകൊണ്ടു് ആ ഗവൺമെൻറിനെ സഹായിക്കുവാനായിരിക്കാം അവരവരുടെ പ്രതിനിധികളെ കൊണ്ടുവരുന്നതു് എന്നൊരു സമാധാനം പറയുമായിരിക്കാം. അങ്ങിനെയുള്ള ഒരു സാധുകരണവും ഗവൺമെൻറിനു് ഇവിടെ ഇപ്പോൾ പറയുവാനില്ല. തിരഞ്ഞെടുപ്പുകായ്ത്തിൽ നിഷ്പക്ഷമായ നില എടുക്കേണ്ട ബാദ്ധ്യത ഉത്തരവാദിത്വഭരണം എടുപ്പിട്ടുത്തിയിട്ടില്ലാത്ത കൊച്ചി ഗവൺമെൻറിനു പ്രത്യേകിച്ചും ഉണ്ടെന്നുള്ള സംഗതി ഞാൻ ദിവാൻ പ്രസിഡണ്ടു് അവർകളുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു. മറവു ചില രാജ്യങ്ങളിൽ നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ ഗവൺമെൻറു നേരിട്ടു ബലംകൂടി പ്രയോഗിച്ചു് ഗവൺമെൻറിന്റെ കക്ഷി ബലപ്പെടുത്തുന്ന അനുഭവങ്ങൾ നേരിട്ടു കണ്ടറിഞ്ഞിരിക്കാൻ ഇടവന്നിട്ടുള്ള ദിവാൻ പ്രസിഡണ്ടു് അവർകൾക്കുള്ളതു് അത്ര സാരമായ ഒരു സംഗതിയല്ലല്ലൊ എന്നു തോന്നുവാൻ ഇടവന്നേക്കാം. എന്നാൽ കൊച്ചിയെ സംബന്ധിച്ചിടത്തോളം അങ്ങിനെയല്ലെന്നു ഞാൻ ദിവാൻ പ്രസിഡണ്ടു് അവർകളോടു വീണ്ടും പറഞ്ഞുകൊള്ളുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥന്മാർ പല വിഷമങ്ങളും ഉണ്ടാക്കീട്ടുണ്ടു്. അവർ എതിർത്തു എന്ന കാരണംകൊണ്ടാണു പലർക്കും ഇവിടെ വരുവാൻ സാധിച്ചതെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഹീയർ, ഹീയർ). ഞാൻ ഈ സംഗതി ഗവൺമെന്റ മെമ്പർമാരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതു് അല്പത്തരംകൊണ്ടല്ലെന്നു മാത്രമല്ല മേലാലെങ്കിലും പ്രവൃത്തിക്കണമെന്നു് അവരോടു പറയുവാൻവേണ്ടിയാണു്. വാസ്തവത്തിൽ ഗവൺമെന്റ മെമ്പർമാരെയെല്ലാം ഞാൻ കുറ്റം പറയുന്നില്ല. ഇന്നിവിടെയുണ്ടായ പ്രസംഗങ്ങൾ കേട്ടു കഴിഞ്ഞാൽ ഗവൺമെന്റ മെമ്പർമാരെല്ലാവരും ഈ കാര്യത്തിൽ അപരാധികളാണെന്നു തോന്നിപ്പോകും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—കരിക്കുമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ:— അതു കുറ്റിദ്ധാരണമാറണമെന്നാണു ഞാൻ പറയുന്നതു്. കൊച്ചി ഗവർണ്മെന്റിന്റെ ഉദ്യോഗസ്ഥന്മാരിൽ പലരും ഈ കാര്യത്തിൽ നിരപരാധികളാണു്. കാരോ ഡിപ്പാർട്ടുമെന്റും നോക്കിയാൽ ആ കാരോ ഡിപ്പാർട്ടുമെന്റിലുള്ള ചിലരെല്ലാം കുറ്റം ചെയ്യുവരായിട്ടുണ്ടാകും. എങ്കിലും ഗവൺമെന്റ മെമ്പർമാരെയെല്ലാം കുറ്റക്കാരെന്ന കരുതത്തക്കവിധത്തിലുള്ള ഒരു സംഗതി നടന്നിട്ടില്ല എന്നുള്ളതും തീർച്ചയാണു്. എന്നാൽ ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽനിന്നും, പൊതുവെ ഒരു തെറ്റിദ്ധാരണ ഗവൺമെന്റുദ്യോഗസ്ഥന്മാരെപ്പറ്റി നാട്ടിലുണ്ടായിട്ടുണ്ടു് എന്നു തെളിയുന്നുണ്ടു്. അതിനെ തിരുത്തേണ്ടതാവശ്യമാണു്. കരിക്കുവേണ്ടി ഞാൻ ഉപയോഗിച്ച പദം ഉപയോഗിക്കുന്നു. ചില ഉദ്യോഗസ്ഥന്മാരുടെ അല്പത്തരംകൊണ്ടാണു് ഈ അബദ്ധങ്ങൾ വന്നിട്ടുള്ളതു് എന്നു്. ഞങ്ങളെ ചിലർ എതിർക്കുന്നു എന്നു കണ്ടപ്പോൾ ഞങ്ങളെ സഹായിക്കേണ്ടതു നാട്ടുകാരുടെ കടമയാണെന്നു് അവർ ധരിച്ചു. മറ്റു പ്രദേശത്തിൽ ഞങ്ങൾക്കുണ്ടാകുമായിരുന്ന ആനുകൂല്യത്തിന്റെ പത്തിരട്ടി ആനുകൂല്യത്തോടുകൂടിയാണു ഞങ്ങൾ ഇവിടെ വന്നിട്ടുള്ളതു്. ഇങ്ങിനെ ചെയ്തതു സല്പേരുണ്ടാക്കുവാൻ വിവേകം അവർക്കുണ്ടായിരുന്നുവെങ്കിൽ അവരതു എതിർക്കുകയില്ലായിരുന്നു.

എനിയ്ക്കു് ഒരു സംഗതി ഇവിടെ പറയുവാനുണ്ടു്. കൊച്ചിയിലെ ജനങ്ങൾ കരിയ്ക്കലും ഉദ്യോഗസ്ഥന്മാരുടെ അടിമകളായിരിയ്ക്കുകയില്ല. (ഹീയർ, ഹീയർ) എത്ര കേമനായ ഉദ്യോഗസ്ഥനായാലും നിയമസഭാസ്ഥാനാർത്ഥിയായി നില്ക്കുന്ന ഒരു പ്രതിനിധിയെ എതിർക്കുന്നുവെന്നറിഞ്ഞാൽ ആ ആളെ എത്ര കൊള്ളാത്തവരായാൽപോലും അയാളെ വിയമസഭയിലേയ്ക്കു പറഞ്ഞയയ്ക്കുവാൻ നാട്ടുകാർ എകോപിച്ചു നില്ക്കുമെന്നാണു സല്പേരം അനുഭവംകൊണ്ടു് എനിയ്ക്കു മനസ്സിലായിട്ടുള്ളതു്.

അതുകൊണ്ടു് ഞാൻ പറയുന്നതു്—ദിവാൻ പ്രസിഡൻറവർകളോടും ഗവൺമെന്റ മെമ്പർമാരോടും ആണു് അവരുടെ സന്മനസ്സിനോടാണു പറയുന്നതു്—മേലാലെങ്കിലും ഇതുപോലെയുള്ള സംഭവങ്ങൾക്കിടയാകാ

LIBRARY ARCHIVES Kerala Legislative Assembly

ത്തവിധം കുറെ വിവേകത്തോടുകൂടി പെരുമാറണമെന്നാണ്. അവർ അവരുടെ നിലയുടെ ഗൗരവം ആലോചിച്ച്, അവരുടെ കർത്തവ്യത്തെ ആലോചിച്ച്, വഷളന്മാരാണെന്നു പൊതുജന ദൃഷ്ടിയിൽ വരാതിരിയ്ക്കണമെന്നുള്ള സ്വാർത്ഥബോധത്തെ കാത്തു പ്രവർത്തിയ്ക്കണമെന്നാണു ഞാൻ പറയുന്നത്. ഞങ്ങൾക്ക് ആരോടും വിരോധമില്ല. ഞങ്ങൾ ആരുടേയും മുഖം നോക്കാതെ പൊതുജനങ്ങളുടെ കാര്യമെന്നു ഞങ്ങളുടെ എളിയ ബുദ്ധിയിൽ തോന്നുന്നതിനെ ഇവിടെ ധൈര്യമായി പറയുവാൻ തയ്യാറുള്ള കാലംവരെയും ഒരിയ്ക്കലും അടിയറവെയ്ക്കപ്പെടുകയില്ല. ഞാൻ ആവർത്തിച്ചു പറയുന്നു; കൊച്ചീ രാജ്യത്തു ഗ്രന്ഥശക്തിയായാലും പ്രത്യക്ഷശക്തിയായാലും ഞങ്ങളേക്കാൾ കൂടുതലായ ഒരു ശക്തി ഇല്ല എന്നു. (ഹിയർ, ഹിയർ) ഞങ്ങളാണ് ഈ രാജ്യത്തെ ശക്തി, ഞങ്ങൾ പോകുന്നതുപോലെ ഗവർമ്മെൻറും പോകണം.

ഇനി മെമ്പർമാരോടാണ് എനിയ്ക്കു പറയുവാനുള്ളതു്. നിങ്ങൾ അറിയിയ്ക്കേണ്ട സംഗതി ഗവർമ്മെൻറിനെ അറിയിച്ചു കഴിഞ്ഞു. എൻറെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ ഈ പ്രമേയത്തെ പ്രസ്സു ചെയ്യുവാൻ തുനിയരുതെന്നാണ് അവരോടെനിയ്ക്കു പറയുവാനുള്ളതു്. നാം നമ്മുടെ കടമ നിർവേറി. അറിയിയ്ക്കേണ്ടവരെ അറിയിച്ചു. ഉപദേശിയ്ക്കേണ്ടവരെ ഉപദേശിച്ചു. അതുകൊണ്ടു് ഇതിനെ പിൻവലിയ്ക്കണമെന്നാണ് അവസാനമായി എനിയ്ക്കു പറയുവാനുള്ളതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:— ഈ പ്രമേയത്തെ സംബന്ധിച്ചു ഞാൻ ഒന്നും പറയണമെന്നു വിചാരിച്ചിരുന്നില്ല. എങ്കിലും ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ കുറെരണ്ടു വാക്കു പറയണമെന്നാണു ഞാൻ വിചാരിയ്ക്കുന്നതു്. ഈ സ്ഥാപനംതന്നെ ഉറപ്പിച്ചിട്ടുള്ളതു് പൊതുജനങ്ങളെ ഭരണകാര്യങ്ങളിൽ പങ്കുകൊള്ളിയ്ക്കുവാൻ വേണ്ടിയാണ്. പൊതുജനങ്ങളുടെ കാര്യങ്ങൾ പറയുന്നതു് പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ്. അങ്ങിനെ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അവരുടെ കാര്യങ്ങൾ നിർഭയമായും സ്വാതന്ത്ര്യത്തോടുകൂടിയും പറയേണ്ടതാണ്. എന്നാൽ പൊതുജനങ്ങളുടെ കാര്യങ്ങൾ അവരുടെ ഇഷ്ടമനുസരിച്ചുപറയുന്ന പ്രതിനിധികളെ അയയ്ക്കുവാൻ പാടില്ലെന്നാക്കത്തക്കവിധത്തിൽ ഉദ്യോഗലോകം തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതു് ഒരിക്കലും ശരിയല്ല. എന്നാൽ മനുഷ്യസഹജമായ ഒരു പ്രേരണകൊണ്ടോ ണ് സാധാരണ കാരോ വ്യക്തിയും പ്രവർത്തിയ്ക്കുന്നതു്. അവരവർക്ക് ഇഷ്ടമുള്ളവരെ സഹായിയ്ക്കുകയെന്നുള്ളതു് സാധാരണ എല്ലാമനുഷ്യർക്കും ഉള്ള സ്വഭാവമാണ്. നിയമം ഉദ്യോഗസ്ഥലോകത്തിനു് അങ്ങിനെ ചെയ്യുവാൻ അനുവദിക്കുന്നില്ല. നിയമവിരുദ്ധമായി ഉദ്യോഗസ്ഥന്മാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നപക്ഷം പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സാരമായ ദോഷം ഉണ്ടാകുന്നതാണ്. തിരഞ്ഞെടുപ്പുകാര്യത്തിൽ ഉദ്യോഗസ്ഥന്മാർ പ്രവേശിക്കുന്നതിന്റെ മുമ്പാണെന്നും ചുഴിഞ്ഞുനോക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പൊതുജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ ഉദ്യോഗസ്ഥലോകം എതെങ്കിലും ഭാഗം പിടിച്ചു നില്ക്കേണ്ട ആവശ്യമില്ല. എന്നാൽ ഇപ്പോൾ ഇതിനു് അടിസ്ഥാനമായി നില്ക്കുന്ന കാരണമെന്താണ്? ഉദ്യോഗസ്ഥന്മാർ നീതിന്യായം വിട്ടു് അവരവരുടെ ഇഷ്ടമനുസരിച്ചു ചെയ്യുന്ന പ്രവൃത്തികളെ ആക്ഷേപിക്കുവാൻ ഇവിടെ പൊതുജനപ്രതിനിധികൾ ഉണ്ടാകരുതെന്നുള്ള ഉദ്ദേശമല്ലേ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ന്യായവും മര്യാദയും വിട്ടുള്ള പ്രവൃത്തികളെക്കുറിച്ചു കഠിനമായി വിമർശനംചെയ്യുന്ന ജനപ്രതിനിധികളെ സഭയിൽ വരരുതെന്നുള്ള ഉദ്ദേശത്തിനേലായിരിക്കണം ഉദ്യോഗസ്ഥന്മാർ ഇങ്ങിനെയുള്ള ഓരോ കാര്യങ്ങളിൽ പ്രവേശിക്കുന്നതു്. അങ്ങിനെ വരുമ്പോൾ പൊതുജനങ്ങളുടെ പ്രതിനിധികളായിരിക്കേണ്ടവർ ഉദ്യോഗസ്ഥന്മാരുടെ അടിമകളായിട്ടാണു തീരുക. ഈ സംഗതി പൊതുജനങ്ങളെ ഭരണകാര്യങ്ങളിൽ പങ്കുകൊള്ളിക്കണമെന്നുള്ള ഗവർമ്മെന്റിന്റെ തത്വത്തിനു വിരോധമായിട്ടാണു കാണുന്നതു്. അതുകൊണ്ടു് ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ഈവക കാര്യങ്ങളിൽ പ്രവേശിക്കുന്നതു് വളരെ ചീത്തയാണെന്നു പറയാതെ തരമില്ല. അതിനും പുറമെ ഉദ്യോഗസ്ഥലോകം ഈവക കാര്യങ്ങളിൽ പ്രവേശിക്കുമ്പോൾ നമ്മുടെ രാജ്യക്കാർ മാത്രമല്ല അന്യരാജ്യക്കാരും ഇതിനെസംബന്ധിച്ചു് എന്തഭിപ്രായമാണു പറയുന്നതു് എന്നുള്ളതുംകൂടി നാം ആലോചിക്കണം. ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ശരിയായ വിധത്തിൽ പ്രവർത്തിക്കാതെ കൃത്യബോധംവിട്ടു പലേ അഴിമതികളും അവിടെ ചെയ്യുന്നുണ്ടെന്നും അവയെ കഠിനമായി വിമർശിക്കുന്ന അംഗങ്ങളെ സഭയിലേക്കു് അയക്കാതിരിക്കണമെന്നും ഉദ്ദേശിച്ചാണു് ഉദ്യോഗസ്ഥന്മാർ ഇങ്ങിനെയുള്ള കാര്യങ്ങളിൽ പ്രവേശിക്കുന്നതെന്നും മറ്റുള്ള രാജ്യക്കാർക്കു തോന്നുവാനിടയുണ്ടു്. കൊച്ചിരാജ്യത്തെ ഭരണം ഏറ്റവും നീതിയായി നടത്തുന്നതായാൽകൂടി മറ്റുള്ള നാട്ടുകാർക്കു് ഉദ്യോഗസ്ഥന്മാരുടെ ഇപ്രകാരമുള്ള നടപടികൾ കാണുമ്പോൾ അവിടത്തെ അഴിമതികൾ ജനങ്ങൾക്കു സഹിക്കുവാൻ കഴിയാതായിട്ടുണ്ടു്; പൊതുജനദാസന്മാരായ പ്രതിനിധികൾ അവരെ ആക്ഷേപിക്കുന്നുണ്ടു്; മേലാലുള്ള തിരഞ്ഞെടുപ്പുകളിലെങ്കിലും ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ സഭാസമക്ഷവും ജനസമക്ഷവും വരാതിരിക്കുവാനുള്ള ആളുകളെ തിരഞ്ഞെടുപ്പാനാണു് ഉദ്യോഗസ്ഥന്മാർ ഓട്ടവും ചാട്ടവും നടത്തുന്നതെന്നുള്ള ധാരണയ്ക്കു് ഇടവരും. അതുകൊണ്ടു് തീർച്ചയായിട്ടും ഈ സംഗതിയിൽ പൊതു

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾ അല്പമെങ്കിലും വിഷമിച്ച വശായിട്ടുണ്ടെങ്കിൽ അതിലേയ്ക്ക് ഒരു എൻക്വയറി (അന്വേഷണം) നടത്തേണ്ടതു് ആവശ്യമാണു്.

ഈ അവസരത്തിൽ മറ്റൊരുകാര്യംകൂടി പറയുവാനുണ്ടു്. തിരഞ്ഞെടുപ്പിനുള്ള നോമിനേഷൻപേപ്പറിനെ സംബന്ധിച്ച നോക്കുമ്പോൾ അവിടെയും ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ കൈകടത്തൽ അല്പം ഉണ്ടായിട്ടില്ലേ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. സാധാരണ ആളുകൾക്കു് വായിച്ച മനസ്സിലാക്കാവുന്ന നിലയിലാണു് നിയമങ്ങൾ എഴുതിട്ടുള്ളതു്. അങ്ങിനെയുള്ളതു ഗവൺമെൻറുദ്യോഗസ്ഥന്മാരും സാധാരണ ജനങ്ങളെപ്പോലെ മനസ്സിലാക്കേണ്ടതുമാണു്. എന്നാൽ ചില നോമിനേഷൻപത്രങ്ങൾ നിയമത്തിന്റെ ശരിയായ അർത്ഥത്തെ ന്യായമായ വിധത്തിൽ ഗ്രഹിക്കാതെ സ്ഥാനാർത്ഥിയുടെ അവകാശത്തെ തടഞ്ഞു് പത്രങ്ങൾ തള്ളിക്കളഞ്ഞിട്ടുമുണ്ടു്. എന്തായാലും ആ കാര്യം ഇലക്ഷൻകമ്മീഷണരുടെ മുമ്പാകെയിരിയ്ക്കുന്നതുകൊണ്ടു് അതിനെ സംബന്ധിച്ച പ്രത്യേകിച്ചു് ഒന്നും പറയണമെന്നു വിചാരിയ്ക്കുന്നില്ല. ഈവക കാര്യങ്ങൾ റിട്ടേണിംഗ് ആഫീസേഴ്സിനു് വേണ്ടപോലെ പരിചയമില്ലാത്തതാണെങ്കിൽ വേറെ നിയമോപദേശം സ്വീകരിച്ചു് രീതിമാനം ചെയ്യുന്നതായിരിയ്ക്കും നല്ലതു്. തൽസമയത്തു ചെയ്യുന്ന കാര്യമാണെങ്കിൽ ഉപദേശംകിട്ടുവാൻ തരമില്ലെങ്കിൽ പക്ഷേ തെറ്റിയെന്നുവരാം. അല്ലാത്ത സംഗതിയാണെങ്കിൽ ഇതുസംബന്ധിച്ചു റിട്ടേണിംഗ് ആഫീസർമാർ ഉപദേശം കാലേകൂട്ടി സ്വീകരിച്ചു ശരിയായി തീരുമാനം ചെയ്യേണ്ടതും, കഴിയുന്നതും കാര്യവിവരവും നിയമപരിജ്ഞാനവും ഉള്ളവരെ റിട്ടേണിംഗ് ആഫീസർമാരായി ഈ കാര്യങ്ങൾക്കു നിയമിയ്ക്കേണ്ടതുമാണെന്നാണു് ഞാൻ പറയുന്നതു്.

എന്നെ എതിരു കൂടാതെയാണു് തിരഞ്ഞെടുത്തതു്. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് നേരിട്ടറിയുവാൻ എനിയ്ക്കു സംഗതിയായിട്ടില്ലെങ്കിലും പല വർത്തമാനപത്രങ്ങളിലേയും സ്വരങ്ങളിൽനിന്നു് ഉദ്യോഗസ്ഥലോകത്തിന്റെ കൈകടത്തൽ പല സ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ടെന്നു് എനിയ്ക്കറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. ഈ സംഗതിയെ സംബന്ധിച്ചു് വേണ്ടപോലെ അന്വേഷിയ്ക്കുവാൻ രണ്ടു ഉദ്യോഗസ്ഥന്മാരും, രണ്ടു് അനുദ്യോഗസ്ഥന്മാരും ഹാജരാക്കുന്ന തെളിവു ശരിയായി മൂലനം ചെയ്യാൻ പഴക്കവും പരിചയവും സിദ്ധിച്ച ചീഫ് കോട്ടു് ജഡ്ജിയുംകൂടി വിചാരണ ചെയ്യാൽ തീച്ചയായും പൊതുജനങ്ങളുടെ ആക്ഷേപത്തിനു് ശമനവും കുറക്കാർക്കു ശിക്ഷയും ഉണ്ടായാൽ മേലാൽ ഉദ്യോഗസ്ഥലോകം ഒരുവക കാര്യങ്ങളിൽ പ്രവേശിക്കുന്നതല്ലെന്നു തീച്ചതന്നെ.

സാധാരണമായി എല്ലാ രാജ്യത്തും തിരഞ്ഞെടുപ്പവസരങ്ങളിൽ അല്പം ചില ബഹളങ്ങളും കലഹങ്ങളും ഉണ്ടാകും. എന്നാൽ ഒരു രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ ഭരണകൂടത്തെ നിയന്ത്രിക്കുവാൻ ചുമതലപ്പെട്ട ആളുകൾ—ഉദ്യോഗസ്ഥമേധാവികൾ—ഈ വക കാര്യങ്ങളിൽ സാരമായവിധം പ്രവേശിച്ചുവെന്ന കേൾക്കുമ്പോൾ, ഭരണയന്ത്രത്തിനു് എന്തോ കേട് സംഭവിച്ചുതായി തീച്ചയായും അനുമാനിക്കുവാനാണ്. അതുകൊണ്ടു് ഈ ന്യായമായ ആക്ഷേപം മേലിൽ ഉണ്ടാകാതിരിപ്പാനെങ്കിലും ഗവൺമെൻറിൽ നിന്നു് ഉറപ്പുവാങ്ങി അനേഷണം നടത്തണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

Mr. P. J. Alexander:— Sir, its surprising that our Government which has the reputation for efficiency and integrity that is almost unsurpassed should become the object of so much adverse criticism, on a matter which concerns the public weal so much. So far as I am concerned I am absolutely certain that this element of which so much complaint has been raised was singularly absent in the contest that I had to fight out for my election.

Generally, under ordinary circumstances, we may presume that an officer is obliged to support a particular candidate of his own if he has some vested interests to further. We are certain that no officer of ours is so lacking in efficiency to discharge his duties as to stoop to such under-hand ways. We had the assurance from the Government that it is absolutely against the Government policy also to interfere in elections in any way whatsoever. Since so much of evidence is being brought against the Government, which I believe may not be absolutely first handand which on enquiry may be proved favourable to the Government also, it is absolutely necessary that the committee suggested in the motion be constituted so that due enquiries may be made and the honour of the Government vindicated. Thereby, we shall have the opportunity also of seeing if any Member of the Government may have gone against the honour and the recognised principles of the Government. If such things are found out we will get the opportunity of taking that officer to task but if such a thing were absent, we shall have the opportunity of informing the public of the real existence of that integrity and efficiency of the Government which is a matter for our pride. So I support the motion in the hope that due enquiries will be made and the position of the Government honourably vindicated.

Mr. T. S. Narayana Ayyar:— Sir, Government do not intend to question the bona-fides or the laudable intention of Hon'ble Members in having brought this matter to the notice of the House. The position of Government, as Hon'ble Members will realise, is an extremely fair and reasonable one The policy of Government in such matters is beyond question or cavil. They do not encourage interference in elections by public servants and it is a matter of

LIBRARY ARCHIVES Kerala Legislative Assembly

great satisfaction that till now, as observed by the Hon'ble Member, there has been no instance of any suspicion of such interference. Unfortunately the elections of this year were very keenly contested and it is just possible that acts, which are innocent in themselves, might in the highly heated atmosphere which is engendered by the bitterness of an election, be exaggerated to an importance beyond their intrinsic worth.

Complaints have been levelled in this House against subordinate officers and against Heads of Departments.

Now, with regard to subordinate officers, Heads of Departments have already instructions to see that their subordinates do not give room for any such suspicion against them.

With regard to Heads of Departments, the matter stands on a different footing. Beyond vague assertions and indefinite allegations no categorical statement of definite facts regarding the conduct of any officer which deserves censure at the hands of Government or any enquiry into their conduct has been placed before the House. These general statements — the House itself will agree — will not warrant the Government in constituting a committee to enquire into their conduct. If any member of the House has got any particular facts to be brought to the notice of Government in connection with the conduct of a public servant then, as the Diwan President has himself assured the House in his concluding remarks on the general discussion on the Budget, the most searching enquiries will be instituted without fear or favouritism. The House can rely on an assurance like this in such matters hereafter. The discussion in the House on this point will of course have its own educative value.

Mr. E. Ikkanda Warriar:—Sir, I regret the Hon'ble Secretary to Government's speech was not at all convincing so far as I am concerned. I may categorically state that we have no quarrel against the subordinates of the Departments. If the Heads of Departments behaved properly we were sure that the subordinates would have also behaved properly. They would certainly have prevented them. The Hon'ble Member for Government was telling us that there was only a general statement. I think we were able to point out various acts of commission and omission (hear, hear) on the part of three or four Heads of Departments particularly which could be understood from the spirit of our speech if we had not named them. If we had not named the persons who had taken active parts in these elections it is because we thought that out of feelings of decorum, out of feelings of decency on our part, we do not want to do it (hear, hear). But if the Government, as a result of the motion before the House, will be pleased to accept that motion and

LIBRARY ARCHIVES Kerala Legislative Assembly

appoint a committee we are prepared to give a satisfactory and sufficient evidence to show that some of these Heads of Departments behaved most shamelessly in the matter of the recent elections. It is not the bitterness of the election that prompted us to speak. But it is because of the public feeling, the want of public confidence in the administration of the State. It is in the interest of the Government to safeguard that confidence of the public. What will be the confidence in the administration, the integrity and honesty of the administration, in the mind of an ordinary man when he finds certain favoured Heads of Departments organising parties to contest elections? How can the public have confidence in those elections, in the integrity of the administration of the State? So, both in the interests of the Government — more in the interests of the Government than that of the public — and that of the public I would request all the Hon'ble Members of this House to support this motion.

Amendment put and carried.

Resolution as amended put and carried.

Mr. K. M. Ibrahim:— A poll Sir.

AYE.

1.	Mr. P. J. Alexander.	15.	Mr. V. S. Krishna Vaidyar.
2.	,, K. Ayyappan.	16.	,, T. K. Nayar.
3.	,, T. S. Balarama Ayyar.	17.	,, K. M. Kunhi Moideen.
4.	,, E. P. Bhaskara Menon.	18.	,, K. Kunhirama Menon.
5.	,, M. V. Cherian.	19.	,, C. P. Lonappan.
6.	,, A. Eachara Menon.	20.	,, K. S. Manickam.
7.	,, George Parakkal.	21.	,, A. Narayana Menon.
8.	,, P. Govinda Menon.	22.	,, Popatlal Goverdhan Lalan.
9.	,, K. M. Ibrahim.	23.	,, P. Raman Menon.
10.	,, E. Ikkanda Warriar.	24.	,, T. A. Ramachandra Ayyar.
11.	,, T. C. Iyyukutty.	25.	,, K. S. Panickar.
12.	,, C. R. Iyyunni.	26.	,, P. Sankunni Menon.
13.	,, V. K. Kutty.	27.	,, M. Sivarama Menon.
14.	,, Shabdai S. Koder.	28.	,, A. V. Moothedan.
		29.	C. S. Viswanathan Chetty.

NOE.

1.	Mr. K. Achyuta Menon.	9.	Mr. I. N. Menon.
2.	,, V. K. Aravindaksha Menon.	10.	,, P. Neelakanta Menon.
3.	,, M. P. Cherian.	11.	Dr. D. Raghavendra Rao.
4.	Miss G. M. D'Souza.	12.	Rama Varmha Tampuran.
5.	Mr. K. Krishna Warriar.	13.	Mr. A. Sankara Menon.
6.	,, T. S. Narayana Ayyar.	14.	Dr. E. S. R. Menon.
7.	,, K. Narayana Menon.	15.	Mr. P. V. Subramania Ayyar.
8.	,, T. Narayana Menon.	16.	Mr. Thomas Manjooran.

LIBRARY ARCHIVES Kerala Legislative Assembly

Mr. President:— 29 for and 16 against. Therefore, the resolution is carried.

2. Agricultural Survey of the State.

Mr. P. Raman Menon:— *"In view of the universal complaint that agricultural industry in the State is becoming more and more a losing concern, this Council recommends to the Government that they may be pleased to appoint a special committee of this Council consisting of not more than five members of whom not less than two will be non-officials to conduct an agricultural survey of the State and submit a report as early as possible with special reference to the following matters:—*

(a) the existing irrigation facilities in each village,

(b) the tanks, canals, eries, chiras and bunds which existed formerly but which are now either out of repair or have become non-existant,

(c) the more important and common of the reasons for the failure of crops in the village,

(d) the irrigation and other facilities that the village particularly requires for the safety of the various crops raised in the locality and

(e) suggestions by the Committee for the agricultural improvement in general of the village.

Sir, in view of the explanatory wording of the resolution itself I do not think that it is necessary to make a long speech. Of course it is well known that agriculture is becoming more and more a losing concern and it is also evident from the fact that twice the Government have had to make remission of land revenue, for that reason. The main reasons for the failure of agriculure, I have enumerated in the resolution itself. Agriculture being one of the main occupations and one upon which the whole country has to subsist, it is absolutely necessary that the Government should come to the rescue of the people at this stage and do their very best for the growth and safety of agriculture. If the matter is neglected any further—even now it is too late—it would be beyond redemption and I do not think that any of even the official members here will deny the fact that it has become absolutely necessary. In my resolution I have treated each village as a patient so to say requiring special attention and treatment and for each village the committee is asked to make the proper prescriptions so that the illness from which that particular village is suffering may be at once remedied. If such a thing is done it will be very easy for the Government to find out the ways and means of saving that village. It may be argued that since there is a survey going on you may await its results and reports. But I

LIBRARY ARCHIVES Kerala Legislative Assembly